# ഗണിതം

## ഭാഗം – 1

## സ്റ്റാൻഡേർഡ്
## IV

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഗണിതം

**4**

*Prepared by :*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

ഗണിതത്തിലെ കുറേയേറെ കാര്യങ്ങൾ നാം അറിഞ്ഞു കഴിഞ്ഞു. സംഖ്യകൾ, രൂപങ്ങൾ, സമയം, പാറ്റേണുകൾ തുടങ്ങി കുറെ കാര്യങ്ങൾ. ചെറിയ സംഖ്യകൾ തമ്മിൽ കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനും നമ്മൾ പഠിച്ചു. ഗണിത പഠനത്തിലൂടെ ഏറെ കഴിവുകളും നാം നേടി. സംഖ്യകൾ തമ്മിലുള്ള പുതിയ ബന്ധം കണ്ടെത്തുക, പാറ്റേണുകൾ രൂപീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യുക, ക്രിയകൾ വിശകലനം ചെയ്ത് വ്യത്യസ്തരീതികൾ കണ്ടെത്തുക, പ്രശ്നം പരിഹരിക്കുക ഇങ്ങനെ എത്രയെത്ര കഴിവുകൾ നാം നേടി. ഇനിയും നമുക്ക് മുന്നോട്ട് പോകാനുണ്ട്. വലിയ, വലിയ സംഖ്യകളെക്കുറിച്ച് അറിയണം, പഠിക്കണം. പുതിയ സംഖ്യാബന്ധങ്ങൾ കണ്ടെത്തണം, പുതിയ പാറ്റേണുകൾ പൂർത്തിയാക്കണം, രൂപീകരിക്കണം, ഗണനചിന്ത ഉപയോഗപ്പെടുത്തണം. ഇതിനായി പുതിയ ഗണിതവഴികളിലൂടെ കൂടുതൽ ഉയരങ്ങളിലേക്ക് നമുക്ക് പോകാം.

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. ഈ. കൃഷ്ണൻ,**
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## ചെയർപേഴ്സൺ

**ഡോ. ഗോകുലദാസൻ പിള്ള സി.**
കരിക്കുലം ഹെഡ് (റിട്ട.), എസ്.സി.ഇ.ആർ.ടി

## വിദഗ്ധർ

**ഡോ. രാജേഷ് കെ.പി.**
സീനിയർ ലക്ചറർ, ഡയറ്റ്, കണ്ണൂർ

**പ്രകാശൻ വി. കെ.**
പ്രിൻസിപ്പൽ (റിട്ട.), ഡയറ്റ്, കോട്ടയം

## അംഗങ്ങൾ

**സ്വാമിനാഥൻ കെ.**
പ്രഥമാധ്യാപകൻ (റിട്ട.)
ഗവ. എൽ.പി.സ്കൂൾ, പാലോട്,
തിരുവനന്തപുരം

**ബിജു ടി.**
പ്രഥമാധ്യാപകൻ
ഗവ. എസ്.എം.വി.എൽ.പി.എസ്.
തേവലക്കര, കൊല്ലം

**ഐശ്വര്യ സോമൻ**
എസ്.എം.എസ്.ജി.
യു.പി.എസ്.
ചന്ദനക്കുന്ന്, പത്തനംതിട്ട

**ശ്രീവിശാഖൻ**
പ്രഥമാധ്യാപകൻ (റിട്ട.),
ജി.എൽ.പി. സ്കൂൾ
ചെറുകുളത്തൂർ, കോഴിക്കോട്

**ബീനാസ്റ്റീഫൻ**
എസ്.പി.ടി.പി.എം.
ഗവ. യു.പി.എസ്.
കുറവൻകോണം, തിരുവനന്തപുരം

**ജിജി വർഗീസ് പി.**
ട്രെയിനർ, ബി.ആർ.സി.
എടപ്പാൾ

**പ്രേംജിത്ത് വി. ആർ.**
എച്ച്.എസ്.ടി.,
ജി.വി.എച്ച്.എസ്.എസ്
പയ്യോളി, കോഴിക്കോട്

**ഭാഗ്യേഷ് കെ.**
എസ്.വി.എം.ജി.യു.പി.എസ്.
എടത്തോട്, കാസറഗോഡ്

**അനൂപ് കെ. പി.**
ചിത്രകലാധ്യാപകൻ
പി.എം.എസ്.എ.പി.ടി.എച്ച്.
എസ്.എസ്., കക്കോവ്,
വാഴയൂർ, മലപ്പുറം

**ഷാജി സി. കെ.**
ചിത്രകലാധ്യാപകൻ
ജി.എച്ച്.എസ്.എസ്.
നടുവണ്ണൂർ, കോഴിക്കോട്

**ദീപേഷ് ടി.**
ചിത്രകലാധ്യാപകൻ
സി.എച്ച്.എം.എച്ച്.എസ്.
കാവുംപടി, കണ്ണൂർ

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. സെൽവമാരി എസ്.**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

---

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


| | | |
|---|---|---|
| 1. | വരകൾ രൂപങ്ങൾ | 07 |
| 2. | ആയിരവും കടന്ന് | 19 |
| 3. | എത്രയെത്ര സംഖ്യകൾ | 35 |
| 4. | കൂടുന്ന കൂട്ടം | 47 |
| 5. | നേരമായി | 63 |
| 6. | കുറയുന്ന കൂട്ടം | 77 |




പുസ്തകത്തിൽ സൗകര്യത്തിനായി കണക്ക് **ചെയ്തുനോക്കാം** എന്ന പ്രവർത്തനത്തിന് ഈ ചിഹ്നം ഉപയോഗിച്ചിരിക്കുന്നു.

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണ ഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# വരകൾ രൂപങ്ങൾ




**ചിത്രം നോക്കൂ.**
**എന്തെല്ലാമാണ് കാണുന്നത് ?**
**കൂട്ടുകാരുമായി ചർച്ച ചെയ്യൂ...**
**നോട്ടുബുക്കിൽ എഴുതൂ...**

## ചിത്രം നോക്കൂ... വരയ്ക്കൂ...

ആദ്യ പേജിലെ ചിത്രം കണ്ടല്ലോ...
മതിലിലെ ചിത്രങ്ങൾ ശ്രദ്ധിച്ചോ?

അതിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചിത്രം വരയ്ക്കൂ...

ഞാൻ വരച്ചത്

## ദിനാഘോഷം

കടലുകാണി സ്കൂളിൽ ജൂൺ 8 ന് നടക്കുന്ന ദിനാഘോഷം എന്താണ് ?

______________________

## നിറം കൊടുക്കൂ...

ആഘോഷത്തിന്റെ ഭാഗമായി സ്കൂളിൽ പ്രദർശനം സംഘടിപ്പിക്കുന്നു. അനുവും സുബിയും അതുലും സ്കൂളും പരിസരവും അലങ്കരിക്കുന്നതിന് കടലാസുകൊണ്ട് പലതരത്തിലുള്ള മീനുകൾ ഉണ്ടാക്കി.





അവർ ഉണ്ടാക്കിയ കടലാസ് മീനുകൾ ചരടിൽ കോർത്ത് തൂക്കിയിട്ടിരിക്കുന്നത് നോക്കൂ...



ചിത്രങ്ങൾക്ക് നിറം കൊടുത്ത് ഭംഗിയാക്കൂ...

## വരയ്ക്കൂ... നിറം കൊടുക്കൂ...

തന്നിരിക്കുന്ന രൂപത്തോട് മറ്റ് രൂപങ്ങൾ ചേർത്തുവരച്ച് മീൻ വരയ്ക്കൂ... നിറം കൊടുക്കൂ...





## പല രൂപങ്ങൾ

കടലാസ് മീനുകളിൽ ഏതെല്ലാം രൂപങ്ങളാണ് കണ്ടത്?



നിങ്ങൾക്ക് അറിയാവുന്ന രൂപങ്ങൾ വരച്ച് പട്ടികയാക്കൂ.

| രൂപം | പേര് |
| --- | --- |
|  | |
| | |
| | |

## ഈർക്കിൽ മീൻ




ഈർക്കിൽ കഷണങ്ങൾ കടലാസിൽ ഒട്ടിച്ച് അതുൽ തയ്യാറാക്കിയ മീനാണ് ചിത്രത്തിൽ. ഇത്തരം രൂപങ്ങൾ നിങ്ങളും തയ്യാറാക്കൂ. ദിനാഘോഷങ്ങൾക്ക് അവ ഉപയോഗിക്കണേ...

## ചിത്രശലഭം

ആഘോഷത്തിന് സ്കൂളും ക്ലാസും അലങ്കരിക്കണം. അതിനായി പുതിയ രൂപങ്ങൾ വരയ്ക്കാം.

വിവിധ രൂപങ്ങൾ ഉപയോഗിച്ച് വരച്ച ചിത്രശലഭം നോക്കൂ. നിറം കൊടുത്ത് ശലഭത്തെ ഭംഗിയാക്കൂ...



ശലഭത്തിലെ രൂപങ്ങൾ ഏതെല്ലാമെന്ന് എഴുതൂ.

**പസിൽ കോർണർ**

എന്നെ നിർമ്മിക്കാൻ 3 വര മതി. ഞാനാര്?

## വശം അളക്കാം

കണക്കുപെട്ടിയിലെ ഒരു ചതുരക്കാർഡ് ഉപയോഗിച്ച് ചതുരം വരയ്ക്കൂ.

ഞാൻ വരച്ചത്

ചതുരത്തിന് എത്ര വശങ്ങൾ ഉണ്ട് ? ______________

മൂലകളോ ? ______________

നിങ്ങൾ വരച്ച ചതുരത്തിന്റെ വശങ്ങളുടെ നീളം സ്കെയിൽ ഉപയോഗിച്ച് അളന്നെഴുതൂ...

| വശം 1 | വശം 2 | വശം 3 | വശം 4 |
|---|---|---|---|
| .................. സെന്റിമീറ്റർ | .................. സെന്റിമീറ്റർ | .................. സെന്റിമീറ്റർ | .................. സെന്റിമീറ്റർ |

എന്തെങ്കിലും പ്രത്യേകതയുണ്ടോ? നിങ്ങളുടെ കണ്ടുപിടിത്തം എഴുതൂ...

ഞാൻ കണ്ടുപിടിച്ചത്

## ഈർക്കിൽ ചതുരം

5 സെന്റിമീറ്റർ, 8 സെന്റിമീറ്റർ നീളമുള്ള രണ്ട് വീതം ഈർക്കിൽ കഷണം ഉപയോഗിച്ച് അതുൽ, ബിൻസ എന്നിവർ ഉണ്ടാക്കിയ രൂപങ്ങൾ നോക്കൂ.



അതുൽ





ബിൻസ



ആരുണ്ടാക്കിയ രൂപമാണ് ചതുരം? എന്തുകൊണ്ട് ?

അതുൽ ഉണ്ടാക്കിയ ചതുരത്തിൽ ഇടതും വലതും വശങ്ങൾ കുത്തനെയാണ്.

ബിൻസ ഉണ്ടാക്കിയ രൂപം ചതുരമല്ല. എന്തുകൊണ്ട് ?

**ഞാൻ കണ്ടുപിടിച്ചത്**

## ചതുരത്തിന്റെ പ്രത്യേകതകൾ

ചതുരത്തിന്റെ പ്രത്യേകതകൾ എഴുതൂ...

- ചതുരത്തിന് 4 വശങ്ങൾ ഉണ്ട്.
- മുകളിലും താഴെയുമുള്ള വരകൾ വിലങ്ങനെയും ഇടതും വലതുമുള്ള വരകൾ കുത്തനെയുമാണ്.
- 
- 

## ചതുരം പലതരം

കണക്കുപെട്ടിയിലെ ചതുരക്കാർഡുകൾ ഉപയോഗിച്ച് അനൂപ് വരച്ച ചതുരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.





ചതുരം 1



ചതുരം 2



ചതുരം 3



ചതുരം 4

സ്കെയിൽ ഉപയോഗിച്ച് വശങ്ങൾ അളന്ന് പട്ടികയിലെഴുതുക.

| ചതുരം | വശം 1 (സെമീ) | വശം 2 (സെമീ) | വശം 3 (സെമീ) | വശം 4 (സെമീ) |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |

അളവുകളുടെ പ്രത്യേകത എന്താണ് ?

**ഞാൻ കണ്ടുപിടിച്ചത്**

## മറ്റൊരു ചതുരം

പലതരം ചതുരങ്ങൾ കണ്ടല്ലോ. അതിൽ മൂന്നാമത്തെയും നാലാമത്തെയും ചതുരങ്ങൾ നോക്കൂ...



ഇത്തരം ഒരു ചതുരമുണ്ടാക്കാൻ വേണ്ട ഈർക്കിൽ കഷണങ്ങളെടുക്കൂ...

**പസിൽ കോർണർ**

**എത്ര മൂലകൾ?**

ചതുരക്കടലാസിന്റെ ഒരു മൂല മുറിച്ചു കളഞ്ഞു. ഇപ്പോൾ കടലാസിന് എത്ര മൂലകളുണ്ട്?

നിങ്ങളെടുത്ത ഈർക്കിൽ കഷണങ്ങളുടെ നീളത്തിന്റെ പ്രത്യേകത എന്താണ്?

സമചതുരത്തിന്റെ പ്രത്യേകതകൾ എഴുതൂ...

**ഞാൻ കണ്ടുപിടിച്ചത്**

- 4 വശങ്ങളുണ്ട്.
- 
- 
- 

**സമചതുരം**
നാല് വശങ്ങൾക്കും ഒരേ നീളമുള്ള ചതുരമാണ് സമചതുരം.

എല്ലാ സമചതുരവും ചതുരമാണ്. എന്നാൽ എല്ലാ ചതുരവും സമചതുരമല്ല.

## ചതുരത്തിനുള്ളിൽ സമചതുരം

ഈ ചതുരത്തിനുള്ളിൽ ഒരു വര മാത്രം വരച്ച് സമചതുരം വരയ്ക്കുക.



## സമചതുരക്കട്ട ഉണ്ടാക്കാം

ചിത്രത്തിലേതുപോലെ സമചതുരങ്ങൾ കട്ടിക്കടലാസിൽ വരച്ച് വെട്ടിയെടുക്കുക. ടീച്ചറിന്റെ സഹായത്തോടെ സമചതുരക്കട്ട ഉണ്ടാക്കുക.





## ജിയോബോർഡ്

ഗണിതലാബിലെ ജിയോബോർഡിൽ റബ്ബർ ബാന്റ് ഉപയോഗിച്ച് ചതുരങ്ങളും സമചതുരങ്ങളും ഉണ്ടാക്കുക. അവയുടെ വശങ്ങളുടെ നീളം കണ്ടുപിടിക്കുക.

ഒരു ആണിയും അതിനോട് ഏറ്റവും അടുത്തുള്ള 3 ആണിയും ചേർത്ത് റബ്ബർ ബാന്റിട്ടാൽ എന്ത് രൂപം കിട്ടും?



## ഗണിതക്ലബ്ബ്

ഗണിതക്ലബ്ബ് ഉദ്ഘാടനത്തിന് കൂട്ടുകാർ ക്ലാസ് അലങ്കരിച്ചത് നോക്കൂ...



**ഇതിൽ എന്തൊക്കെ രൂപങ്ങൾ ഉണ്ട്?**

അലങ്കാരത്തിനായി അവർ ഉപയോഗിച്ച ചില രൂപങ്ങളാണ് ചുവടെയുള്ള ചിത്രത്തിൽ. രൂപത്തിന് താഴെ അവയുടെ പേരെഴുതൂ.



## കണ്ടെത്താം

ചുറ്റുപാടും കാണുന്നതും നിങ്ങൾക്ക് പരിചയമുള്ളതുമായ വസ്തുക്കളെ ആകൃതിയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തൂ. വസ്തുക്കളുടെ പേര് താഴെ എഴുതൂ.

| ചതുരക്കട്ട | ഗോളം | സമചതുരക്കട്ട | വൃത്തസ്തൂപിക |
|---|---|---|---|
| | | | |

## ടാൻഗ്രാം

ചിത്രത്തിലെ വിവിധ രൂപങ്ങൾ ക്രമീകരിച്ച ചിത്രങ്ങളാണ് പാഠപുസ്തകത്തിന്റെ കവർ പേജിന്റെ പിൻഭാഗത്തുള്ളത്. ടാൻഗ്രാമിലെ രൂപങ്ങൾ ഉപയോഗിച്ച് പുതിയ ചിത്രങ്ങൾ ഉണ്ടാക്കൂ.



1. താഴെ തന്നിരിക്കുന്ന ചിത്രങ്ങളിൽ ചതുരത്തിന് ശരി (✓) അടയാളം കൊടുക്കുക. സമചതുരത്തിന് ചുവപ്പ് നിറവും കൊടുക്കുക.



2. മനു ആശംസാകാർഡ് ഉണ്ടാക്കുകയാണ്. വശത്തിന്റെ നീളം 8 സെന്റി മീറ്റർ വീതം വരുന്ന ഒരു സമചതുരക്കാർഡിന്റെ 4 വശത്തും കമ്പിളിനൂൽ ഒട്ടിച്ചു. എത്ര സെന്റിമീറ്റർ നീളമുള്ള നൂലാണ് മനു ഉപയോഗിച്ചത്?

3. ചതുരക്കാർഡ് ഉപയോഗിച്ച് നോട്ടുബുക്കിൽ ഒരു ചതുരം വരയ്ക്കൂ. ചെറിയ വശത്തോട് ചേർന്നുവരുന്ന ഒരു സമചതുരവും വലിയ വശത്തോട് ചേർന്നുവരുന്ന വേറൊരു സമചതുരവും സ്കെയിൽ ഉപയോഗിച്ച് വരയ്ക്കുക. വശങ്ങൾ അളന്നെഴുതുക.

4. താഴെ തന്നിരിക്കുന്നത് ചില രൂപങ്ങളുടെ വശത്തിന്റെ അളവാണ്. ചതുരം വരയ്ക്കാൻ കഴിയുന്ന അളവുകൾ ഏതാണ്?

A) 5, 8, 6, 7 B) 5, 6, 7, 9 C) 5, 8, 5, 8 D) 8, 8, 5, 8

5. താഴെ തന്നിരിക്കുന്ന അളവുകളിൽ സമചതുരം വരയ്ക്കാൻ കഴിയാത്തത് ഏത് ?

A) വശത്തിന്റെ നീളം 8 വീതം B) 5, 5, 5, 5

C) 4 വശവും 6 വീതം D) 5, 5, 6, 6

6.  ________ അടുത്ത ചിത്രം ഏതാണ് ?



(A) (B) (C) (D)

# 2

# ആയിരവും കടന്ന്



മത്സരം നടക്കുകയാണ്.
ഒന്നാമത്തേത് ടോട്ടോക്കാറാണ്. അതിന്റെ നമ്പർ കണ്ടോ.
കാറോട്ടമത്സരം
700
800
900
1000
1000

## സംഖ്യാബന്ധം കണ്ടുപിടിക്കൂ...

ബന്ധം കണ്ടുപിടിച്ച് ഒഴിഞ്ഞ കളങ്ങളിലെ സംഖ്യകൾ എഴുതൂ.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | 100 | ........ | 199 | ........ | 500 | ........ | 909 | ........ | 999 |
| 10 | 101 | 110 | ........ | 280 | ........ | 667 | ........ | 990 | ........ |

## ടോട്ടോ കാറിന് നിറം കൊടുക്കൂ...

നിങ്ങൾ എഴുതിയ സംഖ്യകൾ ചുവടെയുള്ള ചിത്രത്തിൽ നിന്ന് കണ്ടുപിടിക്കൂ. ആ കളങ്ങൾക്ക് നിറം കൊടുക്കൂ.




## നമ്പർ പ്ലേറ്റ്

ടോട്ടോ കാറിന്റെ കൂട്ടുകാരാണിവർ. സൂചനകളിൽ നിന്നും നമ്പർ കണക്കാക്കി നമ്പർ പ്ലേറ്റിൽ എഴുതിച്ചേർക്കൂ.

| | | | |
|---|---|---|---|
| 8 നൂറ്<br>4 പത്ത്<br>2 ഒന്ന് | 910 ൽ നിന്നും ഒന്നുകുറവ് | ഏറ്റവും വലിയ മൂന്നക്ക സംഖ്യ | ഏറ്റവും വലിയ രണ്ടക്ക സംഖ്യയോട് ഒന്നുകൂട്ടിയത് |






## അമ്പമ്പോ... ആയിരം

എന്റെ
നമ്പർ
വായിക്കൂ




എന്റെ നമ്പർ
ഏറ്റവും ചെറിയ
നാലക്ക
സംഖ്യയാണ്.

## വരച്ചുചേർക്കൂ

മനക്കണക്കായി
ചെയ്യൂ.

ഏതൊക്കെ വാഹനങ്ങളുടെ നമ്പറുകൾ കൂട്ടിയാൽ ടോട്ടോ കാറിന്റെ നമ്പർ കിട്ടും? വരച്ചുചേർക്കൂ...


505

250



999

100



750

1



990

495



900

10


## ഒന്നു കൂടി ചേർത്താൽ




അബാക്കസിലെ സംഖ്യയെന്താണ്?________

ഒന്ന് കൂടി കൂട്ടിയാലോ? ________

ഈ സംഖ്യ അബാക്കസിൽ വരയ്ക്കൂ...




### പസിൽ കോർണർ

**ഞാനാര് ?**

അബാക്കസിൽ ഒരു മുത്ത്.
ഏറ്റവും വലിയ മൂന്നക്ക
സംഖ്യയെക്കാൾ വലിയവൻ.
ഞാനാര്?
അബാക്കസിൽ
എന്റെ സ്ഥാനം ഏതാണ്?

## പെട്രോൾ പമ്പ്



കാറോട്ട മത്സരത്തിൽ പങ്കെടുക്കുന്ന കാറുകൾ ഓരോന്നും 1000 രൂപയ്ക്ക് പെട്രോൾ നിറച്ചു.




ടോട്ടോ കാർ 100 രൂപയുടെ നോട്ടു കളാണ് കൊടുത്തത്. എത്ര നോട്ടുകൾ?

__________




ടോമോ കാർ 10 രൂപയുടെ ഒരു കെട്ട് നോട്ടാണ് കൊടുത്തത്. എത്ര നോട്ടുകൾ?

__________



ബഗ്ഗി കാർ ഒരു രൂപ നാണയങ്ങളാണ് കൊടുത്തത്. എത്ര നാണയങ്ങൾ?

__________

## കാറോട്ടമത്സരം




റേസ് സർക്കീട്ടിൽ കാറുകളുടെ മത്സരയോട്ടം നടക്കുകയാണ്. ഒരു റൗണ്ട് കഴിഞ്ഞാൽ 1000 പോയിന്റ് കിട്ടും.

ഓരോ കാറും ഓടിത്തീർത്ത റൗണ്ടുകൾ നൽകിയിരിക്കുന്നു. പോയിന്റ് കണക്കാക്കുക.

| കാറിന്റെ പേര് | റൗണ്ട് | പോയിന്റ് |
|---|---|---|
|  മിക്കി | 1 | |
|  സ്കൈബി | 5 | |
|  ബഗ്ഗി | 3 | |
|  ആൽഫ | 6 | |
|  ടോമോ | 7 | |
|  ഫ്ലോറ | 4 | 4000 |
|  ഫ്രഡി | 8 | |
|  സ്പീഡി | 9 | |
|  ടോട്ടോ | 10 | |
|  ബോണി | 2 | |

കിട്ടിയ പോയിന്റിന്റെ അടിസ്ഥാനത്തിൽ കാറുകളെ ക്രമപ്പെടുത്തി നോട്ടുബുക്കിൽ എഴുതൂ. എങ്ങനെയൊക്കെ ക്രമപ്പെടുത്താം?

## പടികയറാം

പടികളിലെ സംഖ്യകളെല്ലാം എഴുതുക.






മിക്കി ബോണി ബഗ്ഗി ഫ്ളോറ സ്റ്റൈബി ആൽഫ ടോമോ ഫ്രഡി സ്പീഡി ടോട്ടോ

സ്റ്റൈബി കാറിന് ലഭിച്ച പോയിന്റുകൾ അബാക്കസിൽ വരയ്ക്കൂ.




അഞ്ച് ആയിരം ചേർന്നാൽ അഞ്ചായിരം (അയ്യായിരം) എന്നുപറയും.

സ്പീഡി കാറിന് ലഭിച്ച പോയിന്റുകൾ അബാക്കസിൽ വരയ്ക്കൂ.




ഒൻപത് ആയിരം ചേർന്നാൽ ഒൻപതിനായിരം.

പത്ത് ആയിരം ചേരുമ്പോൾ
പത്തായിരം. പതിനായിരം
എന്നും പറയും.

ഇരുപത് ആയിരം
ചേരുമ്പോഴോ?

______________

## മറ്റ് തുകകൾ എഴുതുക

| പത്ത് (10) | നൂറ് (100) | ആയിരം (1000) | പതിനായിരം (10000) |
|---|---|---|---|
| 5 + 5 | 50 + 50 | 500 + 500 | 5000 + 5000 |
| 6 + 4 | | | |
| 7 + 3 | | | |
| | 80 + 20 | | |
| | | | |

## സ്പീഡോമീറ്റർ

കാറോട്ടമത്സരം തുടങ്ങുന്നതിനുമുമ്പ് ടോട്ടോ 1000 കിലോമീറ്ററാണ് ഓടിയത്. മത്സരത്തിലെ ഒരു ലാപ് ഒരു കിലോമീറ്ററാണ്.




## പട്ടിക പൂർത്തിയാക്കൂ

| ലാപ് | സ്പീഡോമീറ്ററിൽ |
|---|---|
| 1 | 1000 + 1 = 1001 |
| 2 | 1000 + 2 = 1002 |
| ................ | ........................... |
| ................ | ........................... |
| ................ | ........................... |
| ................ | ........................... |
| ................ | ........................... |

11 ലാപ് ഓടിയാൽ സ്പീഡോമീറ്ററിൽ എത്രയാകും?

______________

15 ലാപ് ഓടിയാലോ?

______________

25 ലാപ് ഓടിയാലോ?

______________

## എഴുതാം... വരയ്ക്കാം... വായിക്കാം...

| | | | | |
|---|---|---|---|---|
|  ആയിരം ഒന്ന് | 1000 ഉം<br>1 ഉം | 1000<br>1<br>1001 | ആയിരത്തിയൊന്ന്<br>1001 | ആ നൂ പ ഒ |
|  ആയിരം രണ്ട് | 1000 ഉം<br>2 ഉം | | ആയിരത്തിരണ്ട്<br>1002 | ആ നൂ പ ഒ |
|  ആയിരം നാല് | | | | ആ നൂ പ ഒ |
|  ആയിരം ആറ് | | | | ആ നൂ പ ഒ |
|  ആയിരം അഞ്ച് | | | | ആ നൂ പ ഒ |
|  ആയിരം ഒൻപത് | | | | ആ നൂ പ ഒ |
|  ആയിരം ഏഴ് | | | | ആ നൂ പ ഒ |
|  ആയിരം എട്ട് | | | | ആ നൂ പ ഒ |
|  ആയിരം പത്ത് | | | | ആ നൂ പ ഒ |

*ആ - ആയിരം, നൂ - നൂറ്, പ - പത്ത്, ഒ - ഒന്ന്*

## ആയിരത്തോട് ചേരുമ്പോൾ

| | | | |
|---|---|---|---|
| 1000 + 100 | 1 0 0 0<br>1 0 0 | 1 1 0 0 | ആയിരത്തി ഒരുനൂറ് |
| 1000 + 10 | 1 0 0 0<br>1 0 | 1 0 1 0 | ആയിരത്തിപ്പത്ത് |

| | | | |
|---|---|---|---|
| 2000 + 200 | | | |
| 3000 + 40 | | | |
| 3000 + 5 | | | |

| | | | |
|---|---|---|---|
| 1000 + 300 + 30 | | | ആയിരത്തി മുന്നൂറ്റി മുപ്പത് |
| 5000 + 30 + 3 | | | |
| 8000 + 300 + 3 | | | |
| 6000 + 700 + 40 + 8 | | | |

1000 മുതൽ 1200 വരെ എത്ര സംഖ്യകളുണ്ട്?

## അക്കത്തിലും അക്ഷരത്തിലും എഴുതൂ...

| അക്കത്തിൽ | അക്ഷരത്തിൽ |
|---|---|
| 5250 | |
| | ഏഴായിരത്തി എഴുന്നൂറ്റിയേഴ് |
| 9018 | |
| | ഒൻപതിനായിരത്തി ഒൻപത് |

## സംഖ്യാകാർഡുകൾ

സംഖ്യാകാർഡുകൾ നോക്കൂ. അവ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന നാലക്ക സംഖ്യകൾ എഴുതൂ...

**3** **5** **8** **1**

| | | | |
|---|---|---|---|
| | | | |

5-ൽ തുടങ്ങുന്ന എത്ര സംഖ്യകളുണ്ട്? ____________

പത്തിന്റെ സ്ഥാനത്ത് 8 വരുന്ന എത്ര സംഖ്യകളുണ്ട് ? ____________

സംഖ്യകളെ ചെറുതിൽ നിന്നും വലുതിലേക്ക് എന്ന ക്രമത്തിൽ നോട്ടുബുക്കിൽ എഴുതുക.

## സംഖ്യ വായിക്കാമോ?

മത്സരത്തിൽ പങ്കെടുക്കാനുള്ള സ്പീഡി കാറിന്റെ രജിസ്റ്റർ നമ്പർ ചെളിപുരണ്ട് മറഞ്ഞിരിക്കുന്നു.

ഇപ്പോൾ കാണുന്ന നമ്പർ 


കുറച്ചുസ്ഥലം വൃത്തിയാക്കിയപ്പോൾ 


കുറച്ചുകൂടി വൃത്തിയാക്കിയപ്പോൾ 


മിക്കഭാഗവും വൃത്തിയാക്കിയപ്പോൾ 


**എന്തൊരു ചന്തം!**

9 + 1 = 10

99 + 1 = ...............

999 + 1 = ...............

9999 + 1 = ...............

## മഡ് റേസ്

കൂട്ടുകാരുമായി മഡ് റേസ് കളിക്കൂ... 100, 200, ..., 600 വരെ എഴുതിയ ഡൈസ് ഉപയോഗിച്ച് കളിക്കുക. ഡൈസ് വീഴുമ്പോൾ മുകളിൽ കാണുന്ന സംഖ്യക്കനുസരിച്ച് കാറ് നീക്കൂ. പാലം വന്നാൽ പാലത്തിൽ കയറി മുന്നോട്ടും കുഴിയിൽ വീണാൽ പിറകോട്ടും എത്തും. ആദ്യം 11000 ത്തിൽ എത്തുന്ന ആൾ വിജയിക്കും.







ഈ പാഠത്തിലെ
ആദ്യപേജിലെ
ചിത്രത്തിൽ അവസാനത്തെ
രണ്ട് ബോർഡുകളിലെ
ദൂരങ്ങൾ എഴുതൂ.






## സമ്മാനം



കാറോട്ടമത്സരത്തിൽ വിജയിയായ ടോട്ടോയ്ക്ക് ട്രോഫിക്കൊപ്പം ക്യാഷ് പ്രൈസും ഉണ്ട്. സമ്മാനം ചെക്കായിട്ടാണ് കൊടുത്തത്. ചെക്കിൽ തുക അക്കത്തിൽ എഴുതൂ.

തിരുവനന്തപുരം ബ്രാഞ്ച് - 0123
തിരുവനന്തപുരം 695001
ഐ.എഫ്.എസ്. കോഡ് - KSC0001234

0 8 | 0 7 | 2 0 2 5
ദിവസം | മാസം | വർഷം

തുക നൽകേണ്ട വ്യക്തിയുടെ പേര് ടോട്ടോ

തുക ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം

₹ ................

അക്കൗണ്ട് നമ്പർ KSC 0000320237

ഇതിൽ രേഖപ്പെടുത്തിയ തീയതി മുതൽ മൂന്ന് മാസം വരെ ഈ ചെക്കിന് കാലാവധി ഉണ്ടായിരിക്കുന്നതാണ്.

ഇവിടെ ഒപ്പ് രേഖപ്പെടുത്തുക

⑈322401⑈ 673009032⑆ 000611⑈ 31

## സഞ്ചരിച്ച ദൂരം



ഓരോ കാറും ആകെ സഞ്ചരിച്ച ദൂരം ചുവടെ തന്നിരിക്കുന്നു.

| നമ്പർ | കാർ | ദൂരം (കിലോമീറ്റർ) |
|---|---|---|
| 1 | മിക്കി | 8546 |
| 2 | ബോണി | 7982 |
| 3 | സ്പീഡി | 6375 |

| നമ്പർ | കാർ | ദൂരം (കിലോമീറ്റർ) |
|---|---|---|
| 4 | ഫ്രഡി | 5114 |
| 5 | ഫ്ലോറ | 6735 |
| 6 | ടോട്ടോ | 8564 |

ഓടിയ ദൂരത്തിനനുസരിച്ച് പട്ടികപ്പെടുത്തൂ. കൂടുതൽ ദൂരം ഓടിയത് ആദ്യവും കുറച്ചുദൂരം ഓടിയത് അവസാനവും എഴുതണേ.

| നമ്പർ | കാറിന്റെ പേര് | ദൂരം (കിലോമീറ്റർ) | |
|---|---|---|---|
| | | അക്കത്തിൽ | അക്ഷരത്തിൽ |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

## ബഗ്ഗി കാറിന്റെ നമ്പർ

അബാക്കസിലെ ആയിരത്തിന്റെ സ്ഥാനത്തുനിന്ന് ഒരു മുത്തെടുത്ത് 1 ന്റെ സ്ഥാനത്തിടുക. ഇപ്പോൾ കിട്ടിയ സംഖ്യ എന്താണ് ?

ആയിരം കുറഞ്ഞു 1 കൂടി

______________

അബാക്കസിലെ ആദ്യ സംഖ്യയും ഇപ്പോൾ ലഭിച്ച സംഖ്യയും തമ്മിലുള്ള വ്യത്യാസമാണ് ബഗ്ഗി കാറിന്റെ നമ്പർ.

നമ്പർ എന്താണ്? ______________




## ഒന്നും കൂടി ചേർന്നാൽ




അബാക്കസിലെ സംഖ്യ എന്താണ് ?

________

ഇതിനോട് ഒന്നുകൂടി കൂട്ടിയാൽ കിട്ടുന്ന സംഖ്യ എന്താണ് ? __________

## ടോമോ കാർ വർക്ക്ഷോപ്പിൽ

- കാറോട്ട മത്സരത്തിനുശേഷം കേടുപാടുകൾ മാറ്റുന്നതിനായി ടോമോ കാറിനെ വർക്ക്ഷോപ്പിലേക്ക് മാറ്റി. ബാറ്ററി മാറ്റാൻ 3500 രൂപയും എഞ്ചിൻ പണിക്ക് 2500 രൂപയും പെയിന്റിങ്ങിന് 4000 രൂപയും ആയി. ആകെ എത്ര രൂപ ചെലവായി ?



| ചോദ്യം വായിച്ച് ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾ |
| --- |
| |

ആകെ ചെലവായ തുക ______________

## യാത്ര പോകാം

ടോട്ടോ കാർ ഒരു അഖിലേന്ത്യ യാത്രയ്ക്കുള്ള ഒരുക്കത്തിലാണ്. അതിനായി 4 ടയറുകളും മാറ്റണം. ഒരു ടയറിന് 2500 രൂപ. ആകെ എത്ര രൂപ വേണം ?

- അഖിലേന്ത്യ യാത്രയ്ക്കിടെ ബോണി ഇലക്ട്രിക്കാർ ചാർജ് ചെയ്തപ്പോൾ കൊടുത്ത തുകയാണ് താഴെ തന്നിട്ടുള്ളത്. കാർ ചാർജ് ചെയ്യാൻ ചെലവായ തുക കണക്കാക്കുക.

| 1 | 2 | 3 |
|---|---|---|
| **3500 രൂപ** | **2000 രൂപ** | **3000 രൂപ** |

**ഞാൻ കണക്കാക്കിയ രീതി**

## ക്രമം തുടരൂ...

1. 500, 1000, 1500, .........., .........., .........., .........., .........., ..........
2. 4000, 6000, 8000, .........., .........., .........., .........., .........., ..........
3. 7628, 7728, 7828, .........., .........., .........., .........., .........., ..........
4. 2222, 3333, 4444, .........., .........., .........., .........., .........., ..........
5. 9400, 9300, 9200, .........., .........., .........., .........., .........., ..........
6. 3021, 4132, 5243, .........., .........., .........., .........., .........., ..........

## എന്റെ പാറ്റേൺ

- ............, ............, ............ ............ ............
- ............, ............, ............ ............ ............
- ............, ............, ............ ............ ............
- ............, ............, ............ ............ ............

1. കാർ റേസിൽ പങ്കെടുക്കുന്ന കാറുകൾക്ക് സംഘാടകസമിതി രജിസ്റ്റർ നമ്പറുകൾ കൊടുത്തിരിക്കുന്നു. 5000 മുതൽ 5050 വരെയുള്ള നമ്പറാണ് കൊടുത്തത്. മത്സരത്തിൽ എത്ര കാറുകൾ പങ്കെടുത്തു?
2. 5, 4, 0, 7 എന്നീ അക്കങ്ങൾ എല്ലാം ഉപയോഗിച്ച് നാലക്കസംഖ്യകൾ എഴുതുക. എത്ര സംഖ്യകൾ എഴുതാൻ കഴിഞ്ഞു? ഏറ്റവും വലിയ നാലക്കസംഖ്യ അബാക്കസിൽ വരയ്ക്കുക. ഈ സംഖ്യ അക്ഷരത്തിൽ എഴുതുക.
3. 9999 നും 10100 നും ഇടയിലുള്ളതും ഒന്നിന്റെ സ്ഥാനത്ത് പൂജ്യം വരുന്നതുമായ എല്ലാ സംഖ്യകളും എഴുതുക.
4. പാറ്റേൺ പൂർത്തിയാക്കുക.

   (A) 10150, 10200, 10250, .........., .........., .........., .........., ..........

   (B) 1500, 2600, 3700, .........., .........., .........., .........., ..........

   (C) 14500, 15250, 16000, .........., .........., .........., .........., ..........

5. ഞാനാര് ?
   - 4000 ത്തിനും 5000 ത്തിനും ഇടയിലുള്ള സംഖ്യയാണ്.
   - ആയിരത്തിന്റെ സ്ഥാനത്തെ അക്കത്തിന്റെ ഇരട്ടിയാണ് ഒന്നിന്റെ സ്ഥാനത്തെ അക്കം.
   - ആയിരത്തിന്റെ സ്ഥാനത്തെ അക്കത്തിന്റെ പകുതിയാണ് പത്തിന്റെ സ്ഥാനത്തെ അക്കം.
   - അക്കങ്ങളുടെ തുക 19 ആണ്. സംഖ്യ എന്താണ്?

6. സംഖ്യ കണ്ടുപിടിക്കുക

- 9999 എന്ന സംഖ്യയിൽ നിന്നും 1000 വീതം കുറഞ്ഞുവന്നാൽ 8-ാമത് വരുന്ന സംഖ്യ എന്താണ്?
- 100 വീതമാണ് കുറയുന്നതെങ്കിൽ 5-ാമത് വരുന്ന സംഖ്യ എന്താണ് ?

ഇതുപോലൊരു ചോദ്യം തയ്യാറാക്കി കൂട്ടുകാരുമായി പങ്കുവയ്ക്കൂ.

7. 1000 ത്തിനും 1100 നും ഇടയിൽ പൂജ്യത്തിൽ അവസാനിക്കുന്ന എത്ര സംഖ്യകൾ ഉണ്ട് ?

8. 1 മുതൽ 50 വരെ എഴുതുമ്പോൾ 2 എത്ര തവണ എഴുതണം?

- 100 വരെ ആയാലോ?
- 2 ന് പകരം 3 ആയാൽ ഒരേ എണ്ണം തന്നെയാണോ?

### അന്വേഷണം

- 1, 2 എന്നീ അക്കങ്ങൾ ഉപയോഗിച്ച് (അക്കങ്ങൾ ആവർത്തിക്കാതെ) എഴുതാവുന്ന എല്ലാ രണ്ടക്കസംഖ്യകളും എഴുതുക. സംഖ്യകളുടെ എണ്ണം എഴുതുക.
- 1, 2, 3 എന്നീ അക്കങ്ങൾ ഉപയോഗിച്ച് (അക്കങ്ങൾ ആവർത്തിക്കാതെ) എഴുതാവുന്ന എല്ലാ മൂന്നക്കസംഖ്യകളും എഴുതുക. സംഖ്യകളുടെ എണ്ണം എഴുതുക.
- 1, 2, 3, 4 എന്നീ അക്കങ്ങൾ ഉപയോഗിച്ച് (അക്കങ്ങൾ ആവർത്തിക്കാതെ) എഴുതാവുന്ന എല്ലാ നാലക്കസംഖ്യകളും എഴുതുക. സംഖ്യകളുടെ എണ്ണം എഴുതുക.
- കണ്ടുപിടിച്ച കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതൂ...

# 3

# എത്രയെത്ര സംഖ്യകൾ



മിത്രയ്ക്കും കൂട്ടുകാർക്കും ഇന്ന് പഠനയാത്രയാണ്.
എറണാകുളത്തേക്കാണ് യാത്ര.
ട്രെയിനിലാണ് പോകുന്നത്.

## റെയിൽവേ സ്റ്റേഷനിൽ...

ട്രെയിൻ യാത്രയ്ക്ക് ടിക്കറ്റെടുക്കാനായി കൊടുത്ത നോട്ടുകളും നാണയങ്ങളും നോക്കൂ.

ആകെ എത്ര രൂപ കൊടുത്തു?











ആകെ രൂപ

## ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക്

റെയിൽവേസ്റ്റേഷനിലെ ഒരു ബോർഡ് നോക്കൂ. ഇതിൽ എറണാകുളത്ത് നിന്നും ഇന്ത്യയിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള ദൂരം എഴുതിയിരിക്കുന്നു.

| സ്ഥലം | ദൂരം |
|---|---|
| ഹിൽപാലസ് | 11 കിമീ |
| ഗോവ | 744 കിമീ |
| മൈസൂർ | 385 കിമീ |
| കന്യാകുമാരി | 307 കിമീ |
| ഹൈദ്രാബാദ് ഫിലിംസിറ്റി | 1112 കിമീ |
| റെഡ്ഫോർട്ട് | 2592 കിമീ |
| താജ്മഹൽ | 2424 കിമീ |



ഏറ്റവും അകലെയുള്ള ടൂറിസ്റ്റ് കേന്ദ്രം ഏതാണ്? ________________

ഏറ്റവും അടുത്തുള്ളതോ? ________________

അകലെയുള്ളതിൽ നിന്നും അടുത്തുള്ളതിലേക്ക് എന്ന ക്രമത്തിൽ എഴുതൂ.

| സ്ഥലം | ദൂരം |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |

## കൊട്ടാരത്തിൽ




കൊട്ടാരത്തിൽ കയറാനായി കുട്ടികൾ വരിയായി നിൽക്കുകയാണ്. അവരുടെ ടിക്കറ്റുകളിൽ തുടർച്ചയായ നമ്പറാണ് ഉള്ളത്. ഒന്നാമത് നിൽക്കുന്ന മിത്രയുടെ നമ്പർ 2986. സാന്ദ്രയുടെ നമ്പർ 3010.

- മിത്ര മുതൽ സാന്ദ്ര വരെ വരിയിൽ എത്ര പേരുണ്ട്? ____________
- സാന്ദ്രയുടെ മുന്നിൽ നിൽക്കുന്ന ഇഷാന്റെ നമ്പർ എന്താണ്?

  ____________
- 3010ന്റെ മുന്നിലും പിന്നിലുമുള്ളവരുടെ നമ്പർ എഴുതൂ.

  ____________
- 3010ന്റെ പിന്നിലുള്ള നമ്പറിൽ തുടങ്ങി 20-ാമത്തെ ടിക്കറ്റ് നമ്പർ എന്താണ്? ____________
- വരിയിൽ 15-ാമത് നിൽക്കുന്ന മജുവിന്റെ നമ്പർ എഴുതൂ ____________
- 2986 മുതൽ 3010 വരെയുള്ള നമ്പർ തുടർച്ചയായി എഴുതൂ.

## വാട്ടർമെട്രോ

കൊട്ടാരം കണ്ടതിന് ശേഷം കുട്ടികൾ വാട്ടർമെട്രോയിൽ കയറി.



വാട്ടർമെട്രോയിൽ കയറിയവർക്ക് ഭക്ഷണക്കൂപ്പൺ കിട്ടി. മിത്രയുടെ ഗ്രൂപ്പിന് കിട്ടിയ കൂപ്പണിലെ നമ്പർ 8000നും 9000നും ഇടയിലുള്ളതാണ്. അക്കങ്ങളുടെ തുക 10 വരുന്നതുമാണ്. മിത്രയ്ക്കും കൂട്ടുകാർക്കും കിട്ടിയ കൂപ്പൺ നമ്പർ ഏതൊക്കെയെന്ന് എഴുതുക?

### അക്കങ്ങളുടെ തുക

7000 ത്തിനും 8000 ത്തിനും ഇടയിൽ അക്കങ്ങളുടെ തുക 10 വരുന്ന എത്ര സംഖ്യകളുണ്ട് ? നോട്ടുബുക്കിൽ എഴുതൂ.

### പസിൽ കോർണർ

$$\begin{array}{r} AAB\ + \\ A \\ \hline BCCC \\ \hline \end{array}$$

A = .............

B = .............

C = .............

## പ്രദർശന നഗരിയിലേക്ക്



കുട്ടികളുടെ പാർക്കിലെ പ്രദർശനം കാണാൻ എത്തുന്നവർക്ക് സമ്മാന ക്കൂപ്പൺ കിട്ടും. നറുക്കെടുപ്പിലൂടെ യാണ് സമ്മാനം തീരുമാനിക്കുന്നത്.

കുട്ടികളെല്ലാം സമ്മാനക്കൂപ്പണുമായി സ്ക്രീനിന്റെ മുന്നിൽ നമ്പർ തെളിയു ന്നതും നോക്കി നിന്നു.

ഓരോ സ്ഥാനവും കറങ്ങി സ്ക്രീനിൽ തെളിയുന്ന നമ്പർ എഴുതൂ.

| | | |
|---|---|---|
| 1 0 0 0 0 | 10000 | പതിനായിരം |
| 1 1 0 0 0 | 11000 | ................. |
| 1 1 1 1 0 | ................. | ................. |
| 1 1 1 1 1 | ................. | ................. |

അക്കങ്ങളുടെ തുക **5** ആയാൽ സമ്മാനം

സമ്മാനം കിട്ടിയ നമ്പർ

_______________

### എത്ര നാലക്കസംഖ്യകൾ?

9, 0 എന്നീ അക്കങ്ങൾ മാത്രം ഉപയോഗിച്ച് എത്ര നാലക്ക സംഖ്യ കൾ ഉണ്ടാക്കാം? അവ ഏതെല്ലാം?




അവയെ വലുതിൽ നിന്നും ചെറുതിലേക്ക് എഴുതുക.

## സംഖ്യകൾ

ആദ്യത്തെ സംഖ്യപോലെ മറ്റു സംഖ്യകളും എഴുതൂ...

- 5 ആയിരം 4 നൂറ് 3 പത്ത് 2 ഒന്ന് - 5432

  54 നൂറ് 32 ഒന്ന് - ..................

  543 പത്ത് 2 ഒന്ന് - ..................

  5432 ഒന്ന് - ..................

- 82 നൂറ് - ..................

  820 പത്ത് - ..................

  8200 ഒന്ന് - ..................

- 7104
  - ........ ആയിരം ........ നൂറ് ........ പത്ത് ........ ഒന്ന്
  - ........ നൂറ് ........ ഒന്ന്
  - ........ ആയിരം ....... ഒന്ന്
  - ........ ആയിരം ........ പത്ത് ........ ഒന്ന്

## സംഖ്യാചക്രം

ചക്രം പൂർത്തിയാക്കൂ.



## പിരിച്ചെഴുതാം

എത്ര ഒന്ന്?
എത്ര പത്ത്?
എത്ര നൂറ്?

**10000**

- പത്ത് ആയിരം
- പതിനായിരം ഒന്ന്
- ആയിരം പത്ത്
- നൂറ് നൂറ്

ചുവടെ കൊടുത്തിരിക്കുന്നവയും ഇതുപോലെ പൂർത്തിയാക്കുക.

**13000**

- ............... ഒന്ന്
- ............... പത്ത്
- ............... നൂറ്
- ............... ആയിരം

**6700**

- ..............................
- ..............................
- ..............................

**പസിൽ കോർണർ**

ഞാനാര്?

6 നൂറ്
6 പത്ത്
6 ആയിരം
6 ഒന്ന്

## എറണാകുളം - അമൃത്സർ യാത്ര

എറണാകുളത്ത് നിന്ന് അമൃത്സർ വരെ പോകുന്ന ട്രെയിൻ നിർത്തുന്ന ചില സ്റ്റേഷനുകളും ദൂരവുമാണ് ചുവടെ കൊടുത്തിരിക്കുന്നത്. പട്ടിക നോക്കി എറണാകുളത്തുനിന്നും പുറപ്പെടുന്ന ട്രെയിൻ ആദ്യം നിർത്തുന്ന സ്റ്റേഷൻ ഏതെന്ന് എഴുതുക. തുടർന്ന് നിർത്തുന്ന മറ്റു സ്റ്റേഷനുകളും ദൂരവും ക്രമത്തിലെഴുതുക.

| സ്റ്റേഷൻ | ദൂരം |
|---|---|
| കാസറഗോഡ് | 368 കിമീ |
| മംഗളൂരു | 415 കിമീ |
| കോഴിക്കോട് | 193 കിമീ |
| അമൃത്സർ | 3092 കിമീ |
| സൂറത്ത് | 1522 കിമീ |
| ന്യൂഡൽഹി | 2643 കിമീ |
| ലുധിയാന | 2956 കിമീ |

| സ്റ്റേഷൻ | ദൂരം |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |

## ക്രമം തുടരൂ

- 10050, 10051, 10052, ................, ................, ................
- 11085, 11086, 11087, ................, ................, ...............
- 19995, 19996, 19997, ................, ................, ................
- 12320, 12340, 12360, ................, ................, ................

**ഞാൻ കണ്ടുപിടിച്ചത്**

## വിമാനത്തിലേക്ക്

വിനോദയാത്ര കഴിഞ്ഞ് കുട്ടികൾ മടങ്ങുന്നത് വിമാനത്തിലാണ്. വിമാനത്താവളത്തിൽ വരികയും പോകുകയും ചെയ്യുന്ന വിമാനങ്ങളുടെ നമ്പറുകൾ സ്ക്രീനിൽ എഴുതിക്കാണിക്കുന്നുണ്ട്.




വിമാനത്തിന്റെ നമ്പർ ഒരു നാലക്ക സംഖ്യയാണ്

ആയിരത്തിന്റെയും നൂറിന്റെയും സ്ഥാനത്തെ അക്കങ്ങൾ ചേർന്ന സംഖ്യയുടെ ഇരട്ടിയാണ് നൂറിന്റെയും പത്തിന്റെയും സ്ഥാനത്തെ അക്കങ്ങൾ ചേർന്ന സംഖ്യ

നൂറിന്റെയും പത്തിന്റെയും സ്ഥാനത്തെ അക്കങ്ങൾ ചേർന്ന സംഖ്യയുടെ ഇരട്ടിയാണ് പത്തിന്റെയും ഒന്നിന്റെയും സ്ഥാനത്തെ അക്കങ്ങൾ ചേർന്ന സംഖ്യ

വിമാനത്തിന്റെ നമ്പർ എഴുതുക ________________

## റോമൻ സംഖ്യകൾ

ക്ലോക്ക് നോക്കൂ.







**റോമൻ സംഖ്യകൾ**

| | | | |
|---|---|---|---|
| I | 1 | VII | 7 |
| II | 2 | VIII | 8 |
| III | 3 | IX | 9 |
| IV | 4 | X | 10 |
| V | 5 | XI | 11 |
| VI | 6 | XII | 12 |

## അബാക്കസിലെ സംഖ്യകൾ




അബാക്കസ് നോക്കൂ.

- ഇതിൽ 2 മുത്തുകൾ മാത്രം ഉപയോഗിച്ച് ഉണ്ടാക്കാവുന്ന എല്ലാ അഞ്ചക്ക സംഖ്യകളും എഴുതുക.

## എത്ര നൂറുകൾ ?

- 1 മുതൽ 5 വരെയുള്ള അക്കങ്ങൾ ആവർത്തിക്കാതെ അവ ഉപയോഗിച്ച് എഴുതാവുന്ന ഏറ്റവും വലിയ അഞ്ചക്ക സംഖ്യയും ഏറ്റവും ചെറിയ അഞ്ചക്ക സംഖ്യയും എഴുതുക.

_______________________________

- വലിയ സംഖ്യയിൽ എത്ര നൂറ്? ______________
- ചെറിയ സംഖ്യയിൽ എത്ര നൂറ്? ______________

1. പൂരിപ്പിക്കുക

- 9875 - 9 ആയിരം, ................ നൂറ്, ................ പത്ത്, ................ ഒന്ന്
- 6307 - ........ ആയിരം, ............... പത്ത്, ............... ഒന്ന്
- 4218 - ................ നൂറ്, ................ ഒന്ന്
- ...............- 5 ആയിരം, 6 നൂറ്, 0 പത്ത്, 8 ഒന്ന്
- ...............- 8 ആയിരം, 12 പത്ത്, 0 ഒന്ന്
- ...............- 16 നൂറ്, 25 ഒന്ന്

2. 6315 എന്ന സംഖ്യയിൽ 6 എന്ന അക്കത്തിന്റെ വില 6000 ആണ്. താഴെകൊടുത്ത സംഖ്യകളിൽ 3 എന്ന അക്കത്തിന്റെ വില എഴുതൂ.

8573 ...........................   7835 ............................

3578 ............................   5379 ............................

3. ട്രെയിനിൽ തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്കുള്ള ടിക്കറ്റ് ചാർജ് ആകെ 3625 രൂപയാണ്. കുട്ടികൾക്കുള്ള ഇളവ് കുറച്ച് 2000 രൂപ മാത്രമാണ് കൊടുത്തത്. ഇളവ് എത്ര രൂപയാണ്?

4. ഒഴിഞ്ഞ കളങ്ങളിൽ സംഖ്യകൾ എഴുതൂ.




- സംഖ്യകൾ ആവർത്തിക്കാതെ 8 ൽ എത്തുക.



5. ഒരു വരിയിൽ 27 പേരുണ്ട്. നടുക്ക് നിൽക്കുന്ന കുട്ടിയുടെ ടിക്കറ്റ് നമ്പർ 4068 ആണ്. ആ വരിയിലെ ആദ്യത്തെ കുട്ടിയുടെ ടിക്കറ്റ് നമ്പർ എന്താണ്? അവസാന കുട്ടിയുടെ നമ്പർ എന്താണ്?

6. 10 ആയിരം ചേർന്ന സംഖ്യ, എത്ര 500 ചേർന്നതിന് തുല്യമാണ്?

7. 50 ഒന്ന്, 50 പത്ത്, 50 നൂറ് ചേർന്ന് വരുന്ന നാലക്കസംഖ്യ ചുവടെ തന്നിരിക്കുന്നതിൽ ഏതാണ്?

   (A) 5555 (B) 5505 (C) 5550 (D) 5055

8. ക്രമം തുടരൂ...

   4080, 4085, 4091, 4098, ............, ............, ............, ............

9. കണക്കാക്കുക.

   - 9000 ത്തിനും 10000 ത്തിനും ഇടയ്ക്ക് എത്ര സംഖ്യകൾ ?

     9000 ത്തിനും 9100 നും ഇടയ്ക്ക് .......... സംഖ്യകൾ

     9000 ത്തിനും 9500 നും ഇടയ്ക്ക് .......... സംഖ്യകൾ

     9000 ത്തിനും 10000 ത്തിനും ഇടയ്ക്ക് .......... സംഖ്യകൾ

   - 9000 ത്തിനും 10000 ത്തിനും ഇടയ്ക്ക് എത്ര ഒറ്റ സംഖ്യകൾ ?
   - 9000 ത്തിനും 10000 ത്തിനും ഇടയ്ക്ക് എത്ര ഇരട്ട സംഖ്യകൾ?

### അന്വേഷണം

രണ്ട് ഒറ്റസംഖ്യകൾ എഴുതി കൂട്ടിനോക്കൂ...

കിട്ടുന്ന ഉത്തരം ഒറ്റസംഖ്യയാണോ? ഇരട്ടസംഖ്യയാണോ?

മൂന്ന് ഒറ്റസംഖ്യകൾ കൂട്ടിയാലോ?

കൂട്ടുന്ന സംഖ്യകളുടെ എണ്ണം ഒറ്റസംഖ്യയായാൽ തുക ഏതുതരം സംഖ്യയാണ് ?

എണ്ണം ഇരട്ടസംഖ്യയാകുമ്പോഴോ ?

ഇതുപോലെ ഇരട്ടസംഖ്യകൾ കൂട്ടി നോക്കൂ...

കണ്ടുപിടിച്ച കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതൂ...

# 4
# കൂടുന്ന കൂട്ടം



## വാതിൽ തുറക്കാം

അച്ഛനും അമ്മയ്ക്കും ഒപ്പം ധ്വനി ഗിച്ചോ പാർക്കിൽ എത്തി. കൂടെ അനിയൻ ധനുവും ഉണ്ട്.



## സംഖ്യാജോടികൾ

സംഖ്യാജോടികൾ എഴുതാമോ?




## തുക ആയിരം

തുക ആയിരം ആകുന്ന രീതിയിൽ പൂരിപ്പിക്കുക.

490 + 10 + 500 = 1000
490 + .......... = 1000

793 + 7 + .......... = 1000
793 + .......... = 1000

551 + 9 + .......... = 1000
551 + .......... = 1000

800 + 100 + 100 = 1000
700 + 200 + 100 = ..........
600 + 300 + 100 = ..........
500 + 400 + ....... = 1000
400 + 300 + ....... = 1000
600 + ...... + ....... = 1000
400 + ...... + ....... = 1000
500 + .......+ ....... = 1000

## സംഖ്യാമാല പൂർത്തിയാക്കൂ



## ഷൂട്ടിങ് കോർണർ

ഷൂട്ടിങ്ങിൽ പങ്കെടുത്ത് കിട്ടിയ പോയിന്റ് കണക്കാക്കി ജയിച്ചത് ആരാണെന്ന് കണ്ടുപിടിക്കൂ...



ഒരാളിന് മൂന്ന് തവണ ഷൂട്ട് ചെയ്യാം.






ഓരോരുത്തർക്കും കിട്ടിയ പോയിന്റ് എത്രയാണെന്ന് എഴുതൂ.

ധനു : 100 + 900 + 525 = ____________

ധ്വനി : 750 + 250 + ........ = 1475

മിനി മൂന്ന് തവണ ഷൂട്ട് ചെയ്തപ്പോൾ കിട്ടിയ പോയിന്റ് 1363 ആണ്. ഏതൊക്കെ സംഖ്യയിലായിരിക്കും ഷൂട്ട് ചെയ്തിട്ടുള്ളത്?

| 363 | | |

സുഹൈൽ മൂന്ന് തവണയും ഷൂട്ടുചെയ്തത് 363ൽ തന്നെയാണ്. കിട്ടിയ പോയിന്റ് എത്രയാണ്? ____________

363 മൂന്ന് തവണ കൂട്ടണം

300 ഉം 60 ഉം 3 ഉം മൂന്ന് തവണ വീതം കൂട്ടിയാലും മതിയല്ലോ



3ന്റെ ഇരട്ടി 6

3ന്റെ രണ്ട് മടങ്ങ് 6

### പസിൽ കോർണർ

**ഞാനാര് ?**

ഞാൻ ഒരു മൂന്നക്ക സംഖ്യയാണ്. എല്ലാം ഒരേ അക്കമാണ്. സംഖ്യ 3 തവണ കൂട്ടി യതിനോട് 1 കൂടി കൂട്ടിയപ്പോൾ ഏറ്റവും ചെറിയ നാലക്ക സംഖ്യ കിട്ടി. ഞാനാര് ?

## ഇങ്ങനെയും കൂട്ടാം

- 363 മൂന്നുതവണ കൂട്ടുന്നത് എങ്ങനെ?

**രീതി : 1**

300 + 60 + 3 +
300 + 60 + 3
300 + 60 + 3

900 + 180 + 9

900 + 100 + 89 = 1089

**രീതി : 2**

300 നെ 3 കൊണ്ട് ഗുണിച്ചാലോ?
ഇതുപോലെ 60 നെയും 3 നെയും
3 കൊണ്ട് ഗുണിച്ച് എഴുതാം.

$300 \times 3 = 900 +$ $(3 \times 3 \times 100 = 900)$
$60 \times 3 = 180$ $(3 \times 6 \times 10 = 180)$
$3 \times 3 = 9$

1089

- ലിനി ഷൂട്ട് ചെയ്യപ്പോൾ 363, 475, 750 എന്നീ സംഖ്യകളാണ് കിട്ടിയത്. ലിനിക്ക് എത്ര പോയിന്റ് കിട്ടി ?

**രീതി : 1**

363 + 475 + 750
363 + 475 = 300 + 60 + 3 + 400 + 70 + 5
= 300 + 400 + 60 + 70 + 3 + 5
= 700 + 130 + 8
= 830 + 8 = 838
838 + 750 = 800 + 30 + 8 + 700 + 50
= 800 + 700 + 30 + 50 + 8
= 1500 + 80 + 8 = 1588

**രീതി : 2**

363 + 475 + 750

| 300 + 60 + 3<br>400 + 70 + 5<br>700 + 50 | 1400 + 100 + 80 + 8<br>= 1500 + 88<br>= 1588 |
|---|---|
| 1400 +180 + 8 | |

**ഇങ്ങനെയും കണക്കാക്കാം**

363 +
475
838

838 +
750
1588

363 +
475
750
1588

ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയതാർക്ക്? ____________

വിജയിയുടെ പേര് ____________

കുറവ് പോയിന്റിൽ നിന്ന് കൂടുതൽ പോയിന്റ് കിട്ടിയവരുടെ പേരുകൾ ക്രമത്തിലെഴുതൂ... ________, ________, ________, ________, ________

3 തവണ ഷൂട്ട് ചെയ്യുമ്പോൾ ഒരാൾക്ക് കിട്ടാവുന്ന ഏറ്റവും കൂടിയ പോയിന്റ് എത്രയാണ് ? ____________

## 1089 ന്റെ കൗതുകം

- തുടർച്ചയായ ഏതെങ്കിലും 3 അക്കങ്ങൾ എഴുതുക.
- ഇവയെല്ലാം ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ മൂന്നക്കസംഖ്യ എഴുതുക. ______________
- ഏറ്റവും ചെറിയ മൂന്നക്കസംഖ്യ എഴുതുക. ______________
- സംഖ്യകളുടെ വ്യത്യാസം കാണുക.
- വ്യത്യാസമായി കിട്ടിയ സംഖ്യ തിരിച്ചെഴുതുക.
- രണ്ട് സംഖ്യകളും തമ്മിൽ കൂട്ടുക.

ഏത് 3 അക്കങ്ങൾ എടുത്താലും ഈ ഉത്തരം തന്നെയാണോ? ചെയ്തുനോക്കൂ...

## ഡൈസ് കോർണർ

ഡൈസ് നോക്കൂ,

നാലക്കസംഖ്യയുടെ ഡൈസ് ഒരു തവണയും മൂന്നക്കസംഖ്യയുടെ ഡൈസ് ഒരു തവണയും എറിഞ്ഞു കിട്ടുന്ന സംഖ്യകൾ തമ്മിൽ കൂട്ടണം.

നമുക്കും ഡൈസ് കളിച്ചാലോ ?








ധ്വനി ഡൈസ് എറിഞ്ഞ് കിട്ടിയ സംഖ്യകൾ

| | |
|---|---|
| 2349 | 251 |



ധ്വനിക്ക് കിട്ടിയ പോയിന്റ് 2349 ന്റെയും 251 ന്റെയും തുകയാണ്.

ധ്വനിക്ക് കിട്ടിയ പോയിന്റ്

- അച്ഛൻ തുക കണക്കാക്കിയ രീതി

$2349 + 251 = 2349 + 1 + 250$
$= 2350 + 250 = 2600$

- അമ്മ കണക്കാക്കിയ രീതി

$2349 + 251 = 2000 + 349 + 251$
$= 2000 + 350 + 250$
$= 2600$

- ധനു കണക്കാക്കിയ രീതി

$2349 + 251$
$= 2300 + 200 + 49 + 51$
$= 2500 + 100$
$= 2600$

- ധ്വനി കണക്കാക്കിയ രീതി

$2349 + 251 = 2000 + 300 + 40 + 9 +$
$200 + 50 + 1$
$2000 + 500 + 90 + 10$
$= 2600$

## കൂട്ടലും കുറയ്ക്കലും

ധനു ഡൈസ് എറിഞ്ഞ് കിട്ടിയ സംഖ്യകൾ കൂട്ടി എഴുതിയത് നോക്കൂ. ഏതൊക്കെ സംഖ്യകളാണ് കിട്ടിയത്?




| | |
|---|---|
| 5013 + .................. | = 5413 |
| .................. + 343 | = 3445 |
| ................ + ................ | = 4850 |

| ഡൈസ് 1 | ഡൈസ് 2 | തുക |
|---|---|---|
| 4450 | 400 | |
| 2351 | 343 | |
| | 434 | 5447 |
| 5123 | | 5357 |
| 2349 | 341 | |
| 5013 | 251 | |

പൂരിപ്പിക്കാം



## സ്പോർട്സ് കോർണർ




ധനുവിന് ബാറ്റും ബോളും ധ്വനിക്ക് സൈക്കിളും വാങ്ങി.



അച്ഛന്റെ കൈയിൽ 4000 രൂപയാണുള്ളത്.

- സൈക്കിളിന്റെ വില __________
- ബാറ്റിന്റെയും ബോളിന്റെയും വില __________
- കടയിൽ കൊടുത്ത രൂപ __________

അച്ഛൻ കടയിൽ കൊടുത്ത രൂപയെ ഏതൊക്കെ രീതിയിൽ നോട്ടുകളും നാണയങ്ങളുമായി എഴുതാം.

| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
| --- | --- |
| | |

## മാജിക് കോർണർ



ഹായ്...
മാജിക്!

വരൂ...
മാജിക്കിൽ പങ്കെടുക്കാം.
നിർദേശങ്ങൾ
ഞാൻ പറയാം



### നിർദേശങ്ങൾ

- നിങ്ങൾ ഒരുനാലക്ക സംഖ്യ എഴുതണം.
- ഞാൻ ഒരു സംഖ്യ എഴുതി പെട്ടിയിൽ ഇടും.
- അതിനുശേഷം നിങ്ങൾ എഴുതിയ സംഖ്യക്ക് താഴെ ഞാനൊരു സംഖ്യ എഴുതും.
- വീണ്ടും നിങ്ങൾക്ക് ഒരുനാലക്ക സംഖ്യ എഴുതാം.
- അതിനുതാഴെ ഞാനുമൊരു നാലക്ക സംഖ്യ എഴുതും.
- ഈ നാല് നാലക്കസംഖ്യകളുടെ തുക നിങ്ങൾ കണക്കാക്കണം.
- ശേഷം ഞാൻ എഴുതി പെട്ടിയിലിട്ട സംഖ്യ കാണിച്ചുതരും.

ധനു എഴുതിയ സംഖ്യ - 4325

മാന്ത്രികൻ എഴുതിയ സംഖ്യ - 5674

ധനു എഴുതിയ സംഖ്യ - 1408

മാന്ത്രികൻ എഴുതിയ സംഖ്യ - 8591

തുക ____________

മാന്ത്രികൻ കടലാസിൽ
എഴുതി പെട്ടിയിലിട്ട
സംഖ്യയും തുകയും നോക്കൂ...
എന്ത് മനസ്സിലായി?

**ഞാൻ കണ്ടുപിടിച്ചത്**






20000 ത്തേക്കാൾ 2 കുറവായ സംഖ്യയല്ലേയിത്?

## ഫോട്ടോ കോർണർ

ധ്വനിയും ധനുവും ഫോട്ടോ കോർണറിൽ എത്തി ഫോട്ടോയെടുത്തു. സംഖ്യാശലഭത്തിലെ സംഖ്യകളെ അക്കങ്ങളുടെ ക്രമം തിരിച്ചെഴുതി കൂട്ടി നോക്കൂ...




ധനു തിരഞ്ഞെടുത്ത സംഖ്യ

4123

ക്രമം തിരിച്ചെഴുതിയ സംഖ്യ

3214

| ധനു കണക്കാക്കിയ രീതി | |
|---|---|
| 4123 = 4000 + 100 + 20 + 3<br>3214 = 3000 + 200 + 10 + 4<br>7000 + 300 + 30 + 7 = 7337<br>4123 + 3214 = 7337 | ധ്വനി എടുത്ത സംഖ്യ= 4002<br>തിരിച്ചെഴുതിയ സംഖ്യ = ........<br>തുക = ........<br>എങ്ങനെയാണ് കൂട്ടുന്നത് ? |

## ഉത്തരപ്പൂക്കൾ

സംഖ്യാശലഭത്തിലെ സംഖ്യകൾ ക്രമം തിരിച്ചെഴുതി കൂട്ടിയപ്പോൾ കിട്ടിയ ഉത്തരപ്പൂക്കൾക്ക് നിറം കൊടുക്കൂ...




### ഇരുവഴി സംഖ്യകൾ

ഇടത്തുനിന്നും വലത്തുനിന്നും ഒരേ പോലെ വായിക്കാൻ കഴിയുന്ന സംഖ്യകളാണ് ഇരുവഴി സംഖ്യകൾ.

എല്ലാ നാലക്കസംഖ്യകളും ക്രമം തിരിച്ചെഴുതി കൂട്ടിയാൽ ഇരുവഴി സംഖ്യകൾ കിട്ടുമോ? കണ്ടുപിടിച്ച കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതൂ.

## തുക കണക്കാക്കാം



## ഗെയിം കോർണർ

ധനുവും ധ്വനിയും കമ്പ്യൂട്ടറിൽ കാറോട്ട മത്സരം കളിക്കുകയാണ്. കളിയിൽ പങ്കെടുത്തവരുടെ പോയിന്റുകൾ നോക്കൂ.



| കിട്ടിയ പോയിന്റുകൾ | | |
|---|---|---|
| പേര് | റൗണ്ട് 1 | റൗണ്ട് 2 |
| ധനു | 2143 | 1457 |
| ധ്വനി | 1148 | 2067 |
| നന്മ | 1654 | 1188 |
| മിനി | 1876 | 1124 |

ധനുവിന് ആകെ എത്ര പോയിന്റ് കിട്ടി?

### രീതി - 1

2143 + 1457

2143 + 1000 = 3143

3143 + 400 = 3543

3543 + 50 = 3593

3593 + 7 = 3600

### രീതി - 2

2143 + 1457

2143 = 2000 + 100 + 40 + 3

1457 = 1000 + 400 + 50 + 7

3000 + 500 + 90 + 10

= 3500 + 100

= 3600



**ഇങ്ങനെയും എഴുതാം**

$$\begin{array}{r} 2143 + \\ 1457 \\ \hline 3600 \end{array}$$

കാറോട്ട മത്സരത്തിൽ 3000 ത്തിൽ കൂടുതൽ പോയിന്റ് കിട്ടിയത് ആർക്കൊക്കെയാണ്? ഊഹം എഴുതൂ...

.......................................................................................................

.......................................................................................................

## ഊഹിച്ചത് ശരിയാണോ?

| കിട്ടിയ പോയിന്റുകൾ | | | |
|---|---|---|---|
| പേര് | റൗണ്ട് - 1 | റൗണ്ട് - 2 | ആകെ പോയിന്റ് |
| ധനു | 2143 | 1457 | 3600 |
| ധ്വനി | 1148 | 2067 | |
| നന്മ | 1654 | 1188 | |
| മിനി | 1876 | 1124 | |

## ആദായ വില്പന

നോട്ടീസ് നോക്കൂ.




ധ്വനിയുടെ വീട്ടിലേക്ക് കട്ടിലും ടിവിയും വാങ്ങാൻ എത്ര രൂപയാകും? ________

ടി.വിയും അലമാരയും വാങ്ങാൻ എത്ര രൂപ വേണം? ________

വാഷിങ് മെഷീനും കട്ടിലും വാങ്ങണമെങ്കിൽ എത്ര രൂപയാകും? ________

കടയിൽ നിന്നും ഒരു സാധനം വാങ്ങി. നൂറെണ്ണമുള്ള 100 ന്റെ ഒരു കെട്ട് നോട്ട് കൊടുത്തു. ബാക്കി ഒരു രൂപ കിട്ടി. വാങ്ങിയത് എന്താണ് ?

________

- നിങ്ങളുടെ കൈയിൽ 12000 രൂപയുണ്ടെങ്കിൽ ഏതൊക്കെ സാധനങ്ങളാകും വാങ്ങുക? കാരണം എഴുതുക.

## ബാറ്റിങ് കോർണർ

ധനുവും ധ്വനിയും ബാറ്റിങ് കോർണറിൽ എത്തി. ഒരാൾക്ക് മൂന്ന് ഓവർ ബാറ്റ് ചെയ്യാം. ഓരോ ഓവർ കഴിയുമ്പോഴും പോയിന്റ് കിട്ടും. കളിക്കു ശേഷം കിട്ടിയ പോയിന്റ് നോക്കൂ...














**സമ്മാനം**

ആകെ പോയിന്റ് 7000 ത്തിൽ കൂടുതലായാൽ ഡ്രാഗൺ ട്രെയിൻ ടിക്കറ്റ് സമ്മാനം

### പോയിന്റ് നില

| പേര് | കിട്ടിയ പോയിന്റ് | | | ആകെ |
|---|---|---|---|---|
| ധനു | | | | |
| ജിൻസി | | | | |
| ധ്വനി | | | | |

ഡ്രാഗൺ ട്രെയിൻ ടിക്കറ്റ് കിട്ടിയത് ആർക്കൊക്കെ? കണ്ടുപിടിച്ച് എഴുതൂ.



(1) തുക കണക്കാക്കി ഒഴിഞ്ഞ കളങ്ങളിൽ എഴുതൂ...

A എന്ന കളത്തിലെ സംഖ്യകിട്ടാൻ 2850 +1400 കണക്കാക്കണം.




A = ..........

B = ..........

C = ..........

D = ..........

E = ..........

**(2) അടുത്ത 5 സംഖ്യകൾ എഴുതുക**

- 4100, 5100, 6100, ............., ............., ............., ............., .............
- 2352, 2852, 3332 , ............., ............., ............., ............., .............
- 1000, 2111, 3222, ............., ............., ............., ............., .............
- 2839, 3748, 4657, ............., ............., ............., ............., .............

**(3) ഒഴിഞ്ഞ കളത്തിലെ സംഖ്യ എന്താണ്?**

| | |
|---|---|
| 1500 | 1750 |
| ? | 2050 |

(A) 3000 (B) 2400 (C) 2300 (D) 2150

**(4) ഷൂട്ടിങ് ബോർഡ് കണ്ടല്ലോ. താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**




- എല്ലാ കളത്തിലും ഒരു തവണ വീതം ഷൂട്ട് ചെയ്ത് കൊള്ളിച്ചാൽ എത്ര പോയിന്റ് കിട്ടും?
- ധ്വനി 3 തവണ 1000 ത്തിന്റെയും 2 തവണ 10 ന്റെയും കളത്തിൽ ഷൂട്ട് ചെയ്തു. എത്ര പോയിന്റ് കിട്ടി?
- ധനു 10 തവണ ഷൂട്ട് ചെയ്തപ്പോൾ കിട്ടിയ സംഖ്യ 5140 ആണ്. ഏതൊക്കെ കളങ്ങളിൽ എത്ര തവണ ഷൂട്ട് ചെയ്ത് കൊള്ളിച്ചു?
- 10 തവണ ഷൂട്ട് ചെയ്തപ്പോൾ കിട്ടിയ പോയിന്റ് താഴെ തന്നിരിക്കുന്നതിൽ ഏതാണ്?

  (A) 5142,  (B) 6280,  (C) 4510,  (D) 1245
- ഒരാൾ കുറെ തവണ ഷൂട്ട് ചെയ്തപ്പോൾ 3333 കിട്ടി. കുറഞ്ഞത് എത്ര തവണ ഷൂട്ട് ചെയ്തിട്ടുണ്ടാകും?

# 5

# നേരമായി




11:30 മുതൽ 3:30 വരെ എത്ര മണിക്കൂർ?

11:15 മുതൽ 11:30 വരെ എത്ര മിനിറ്റ്?

11:15 മുതൽ 3:30 വരെ .......... മണിക്കൂർ ........ മിനിറ്റ്.

## നിധിയുടെ വീട്ടിൽ

09:15:00




നിധിയുടെ സ്കൂൾ ബസ് എത്തുന്ന സമയം ക്ലോക്കിൽ വരയ്ക്കൂ...



............ മണി ........ മിനിറ്റ്

## നിധിയുടെ സ്കൂൾ

ഡിജിറ്റൽ ക്ലോക്കിൽ നോക്കൂ...

09:29:52 | 09:29:53 | 09:29:54 | 09:29:55 | 09:29:56




09:29:57 | 09:29:58 | 09:29:59 | 09:30:00 | 09:30:01

09:30:02 | .............. | .............. | .............. | ..............



ഡിജിറ്റൽ ക്ലോക്കിലെ അടുത്ത സമയം നിങ്ങൾ എഴുതൂ.

മുകളിലെ ചിത്രത്തിലെ സമയം ശ്രദ്ധിച്ചോ? എന്തെല്ലാം കാര്യങ്ങൾ മനസ്സിലായി?

9 മണി 29 മിനിറ്റ് 59 സെക്കന്റ് കഴിഞ്ഞുള്ള സമയം എത്രയാണ്?

.............. മണി .............. മിനിറ്റ് .............. സെക്കന്റ്

29 മിനിറ്റ് 59 സെക്കന്റ് കഴിഞ്ഞുള്ള സമയം നോക്കൂ. എത്രയാണ്? 30 മിനിറ്റ്.




ഇതിൽ നിന്നും എന്താണ് മനസ്സിലായത്?

**എനിക്ക് മനസ്സിലായത്**

സെക്കന്റും മിനിറ്റും 00:58 00:59 01:00 01:01

## നിധി സ്കൂളിൽ




നിധി സ്കൂളിലെത്തിയ സമയം നോക്കൂ...

സ്കൂളിലെത്താൻ നിധി എത്ര സമയം യാത്രചെയ്തു?

**ഞാൻ കണ്ടുപിടിച്ചത്**



## നടത്ത മത്സരം

നടത്ത മത്സരം ആരംഭിച്ച സമയമാണ് ഡിജിറ്റൽ ക്ലോക്കിൽ കാണുന്നത്.

10:30:00

കുട്ടികൾ 100 മീറ്റർ നടന്നെത്തിയ സമയം നോക്കൂ...




| പേര് | സമയം |
|---|---|
| മിലി | 10:31:32 |
| തനു | 10:31:25 |
| സയ | 10:31:12 |
| നിധി | 10:31:29 |
| അയന | 10:31:15 |



മത്സരത്തിൽ ഒന്നാം സ്ഥാനം ആർക്കാണെന്ന് എങ്ങനെയറിയാം?

ഡിജിറ്റൽ ക്ലോക്കിലെ സമയം നോക്കൂ



മിലി നടന്നെത്തിയ സമയം.

......... മണി ......... മിനിറ്റ് ......... സെക്കന്റ്.

എത്ര സമയമെടുത്തു? ......... മിനിറ്റ് ......... സെക്കന്റ്

ഏറ്റവും കുറഞ്ഞ സമയംകൊണ്ട് നടന്നുതീർത്തതാരാണ് ? ____________

എത്ര സമയമെടുത്തു?____________

*മിനിറ്റിനെക്കാൾ കുറഞ്ഞ സമയമാണ് സെക്കന്റ്*



മത്സരത്തിൽ 1, 2, 3 സ്ഥാനങ്ങൾ കിട്ടിയവരുടെ പേര് ക്രമത്തിൽ എഴുതുക.

____________, ____________, ____________

നിങ്ങളും ഓട്ടമത്സരം നടത്തുമല്ലോ.
ഓടിയെത്തിയ സമയം കണക്കാക്കൂ...

## സാറ്റ് കളി










*മൊബൈൽ ഫോണിലെ ഡിജിറ്റൽ ക്ലോക്ക്*

**1 മുതൽ 50 വരെ എണ്ണാൻ വേണ്ട സമയം**




എന്റെ ഊഹം

എണ്ണാൻ വേണ്ടിവന്ന സമയം? ____________________

കൂട്ടുകാർ എണ്ണാനെടുക്കുന്ന സമയം പട്ടികയിലെഴുതൂ.

| | | | | |
|---|---|---|---|---|
| പേര് | | | | |
| സമയം | | | | |

എണ്ണുന്നതിനെടുത്ത കുറഞ്ഞ സമയം ____________________

കൂടുതൽ സമയം ____________________

## എന്റെ സമയം

നിങ്ങൾക്ക് ഒരു മിനിറ്റിനുള്ളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എഴുതൂ...

- 
- 
- 
- 
- 
- 

### നടക്കാം... സമയം നോക്കാം...

ക്ലാസിന്റെ ഭിത്തിയോട് ചേർന്ന് ഒരു വട്ടം നടക്കൂ. നടക്കാനെടുത്ത സമയം സ്റ്റോപ്പ് വാച്ചുപയോഗിച്ച് കണക്കാക്കൂ...

_______________________

### വട്ടം ചുറ്റാം

വട്ടം വട്ടം ചുറ്റുന്നേ
മണിക്കൂർ സൂചി ചുറ്റുന്നേ
രണ്ടുവട്ടം ചുറ്റീടിൽ
പൂർത്തിയാകും ദിനമൊന്ന്
വട്ടം വട്ടം ചുറ്റുന്നേ
മിനിറ്റ് സൂചി ചുറ്റുന്നേ
എത്ര വട്ടം ചുറ്റേണം
പൂർത്തിയാകാൻ ദിനമൊന്ന്?

### പസിൽ കോർണർ

തന്നിരിക്കുന്ന സംഖ്യ നോക്കൂ.....

101

സംഖ്യയിലെ ഏതെങ്കിലും രണ്ട് വര മാത്രം മാറ്റി വരച്ച് എഴുതാവുന്ന ഏറ്റവും വലിയ സംഖ്യ എന്താണ്?

_______________________

101 - ലെ പൂജ്യത്തിലെ ഒരുവര മാത്രം എടുത്ത് പൂജ്യത്തിന്റെ നടുക്കുവച്ചു. എത്ര കിട്ടി ? 191

191 നേക്കാൾ വലിയ സംഖ്യകൾ ഉണ്ടാക്കാൻ പറ്റുമോ?

## തുടക്കം മുതൽ ഒടുക്കം വരെ

ചിത്രം നോക്കൂ. വരച്ചുതുടങ്ങിയാൽ തീരുന്നതുവരെ പെൻസിൽ കടലാസിൽ നിന്നും എടുക്കാൻ പാടില്ല. വരച്ച വരയിലൂടെ വീണ്ടും വരയ്ക്കാനും പാടില്ല. വരയ്ക്കാൻ എത്ര സമയം എടുത്തു?



............... സെക്കന്റ്




## നമുക്കും ക്ലോക്ക്

നിധിയുടെ ക്ലാസിലെ കുട്ടികൾ ക്ലോക്ക് ഉണ്ടാക്കുകയാണ്.











എത്ര മണിക്ക് ഉണ്ടാക്കി കഴിയും?

ക്ലോക്കിൽ വരച്ചു ചേർക്കൂ.







നിർമ്മാണം പൂർത്തിയാക്കാൻ എടുത്ത സമയം മിനിറ്റിൽ എഴുതൂ.

.................. മിനിറ്റ്

അമ്പമ്പോ!!
2 മണിക്കൂർ
= 120 മിനിറ്റ് !
= 7200 സെക്കന്റ് !!

നിധി ഉണ്ടാക്കിയ ക്ലോക്ക് നോക്കൂ.




സെക്കന്റ് സൂചി 9 ൽ നിന്ന് 12 ൽ എത്താനെടുക്കുന്ന സമയം ........... സെക്കന്റാണ്.

ക്ലോക്കിലെ സമയം എഴുതൂ ..........മണി ....... മിനിറ്റ് .............. സെക്കന്റ്

മണിക്കൂർ സൂചി ഒരുവട്ടം കറങ്ങാൻ വേണ്ട സമയം?

............... മണിക്കൂർ

മിനിറ്റ് സൂചിയോ?

............... മണിക്കൂർ

സെക്കന്റ് സൂചി ?

............... മിനിറ്റ്

ക്ലോക്കിലെ മൂന്ന് സൂചികളിൽ ഏറ്റവും വണ്ണം കുറഞ്ഞതും നീളം കൂടിയതുമായ സൂചിയാണ് സെക്കന്റ് സൂചി.

ഏറ്റവും വേഗത്തിൽ കറങ്ങുന്ന സൂചി ഏതാണ് ? ________________

## ക്ലോക്ക് നോക്കൂ... സമയം എഴുതൂ.

| ചിത്രം | സമയം | | |
|---|---|---|---|
| | മണിക്കൂർ | മിനിറ്റ് | സെക്കന്റ് |
|  | | | |
|  | | | |

## സമയം ക്ലോക്കിൽ വരച്ച് ചേർക്കൂ...



12 മണി
50 മിനിറ്റ്
30 സെക്കന്റ്



6 മണി
5 മിനിറ്റ്
16 സെക്കന്റ്

### പസിൽ കോർണർ

ഒരു മണിക്കൂർ മുമ്പ് സമയം 10 മണി 15 മിനിറ്റായിരുന്നു. രണ്ടര മണിക്കൂർ കഴിഞ്ഞാൽ സമയം എത്രയാകും?

________________________

## പലതുള്ളി പെരുവെള്ളം



ഈ ടാപ്പിൽ നിന്നും ഒരു സെക്കന്റിൽ ഒരു മില്ലിലിറ്റർ വെള്ളം വീതം ഒഴുകിപ്പോകുന്നുണ്ട്. 10 മിനിറ്റുകൊണ്ട് എത്ര മില്ലിലിറ്റർ വെള്ളം ഒഴുകിപ്പോകും?

______________________




ഞാൻ കണക്കാക്കിയ രീതി

### സെക്കന്റുകൾ മാത്രം

| | |
|---|---|
| സെക്കന്റ് സൂചി 12 ൽ നിന്നും 1 ൽ എത്താൻ എടുക്കുന്ന സമയം | |
| സെക്കന്റ് സൂചി 12 ൽ നിന്നും 2 ൽ എത്താൻ എടുക്കുന്ന സമയം | |
| സെക്കന്റ് സൂചി 12 ൽ തുടങ്ങി 15 സെക്കന്റ് ആകുമ്പോൾ ഏത് സംഖ്യക്ക് നേരെ എത്തും? | |
| സെക്കന്റ് സൂചി വട്ടത്തിന്റെ പകുതി ഭാഗം കറങ്ങാൻ വേണ്ട സമയം? | |



## പാചക മത്സരം

സ്കൂളിൽ പണ്ട് പഠിച്ചിരുന്നവർ ഒത്തുചേർന്നപ്പോൾ പലതരം പായസമുണ്ടാക്കി.

പാചകം തുടങ്ങിയ സമയമാണ് ക്ലോക്കിൽ.



ഞാൻ 2 മണിക്കൂർ 10 സെക്കന്റ് കൊണ്ട് തീർത്തു





എനിക്ക് 132 മിനിറ്റ് 35 സെക്കന്റ് മതിയായിരുന്നു





രണ്ടുമണിക്കൂർ ആകുന്നതിന് 20 മിനിറ്റ് 45 സെക്കന്റ് മുമ്പ് എന്റെ പാചകം കഴിഞ്ഞു





എനിക്ക് ഒരു മണിക്കൂറും 50 മിനിറ്റും 25 സെക്കന്റും വേണ്ടി വന്നു.





ഓരോരുത്തരും ഉണ്ടാക്കിത്തീർന്ന സമയം അടുത്തുള്ള ക്ലോക്കിൽ വരയ്ക്കൂ.

പാചകത്തിന് വേണ്ടി വന്ന ഏറ്റവും കൂടുതൽ സമയം ____________

ഏറ്റവും കുറവ് സമയം ____________

## നോട്ടീസ് ബോർഡ്

**ഡിസംബർ 22**

**ദേശീയ ഗണിതശാസ്ത്രദിനം**

ദേശീയ ഗണിതശാസ്ത്രദിനാഘോഷത്തിന്റെ മുന്നോടിയായുള്ള മത്സരങ്ങൾ **20.12.2025** ന് നടക്കും. മത്സരിക്കാൻ താൽപര്യമുള്ള കുട്ടികൾ ഇന്ന് ഒന്നരയ്ക്ക് മുമ്പായി ക്ലാസ് അധ്യാപകർക്ക് പേര് കൊടുക്കണം.

**മത്സരങ്ങൾ** 15.12.2025

- ഗണിതക്വിസ്
- ഗണിതപസിൽ
- പാറ്റേൺ രചന




പേര് കൊടുക്കേണ്ട അവസാന തീയതി ഏതാണ്? ____________

സബ്ജില്ലാമത്സരം 1.1.2026 ൽ ആണ്.

- സ്കൂൾമത്സരം കഴിഞ്ഞ് എത്രാമത്തെ ദിവസമാണ് സബ്ജില്ലാമത്സരം നടക്കുക?

____________

## കലണ്ടർ നോക്കൂ... കണ്ടുപിടിക്കൂ...

- ഈ വർഷത്തെ കലണ്ടർ നോക്കൂ... ഡിസംബർ 22 ഏത് ദിവസമാണ്?

  ______________

- മാർച്ച് 28 വ്യാഴാഴ്ചയാണ്. മാർച്ച് 11 ഏത് ദിവസമായിരുന്നു?

  ______________

- ഇന്ന് ഞായറാഴ്ചയാണ്. 24-ാമത്തെ ദിവസം ഏതായിരിക്കും?

  ______________

## കലണ്ടർ കണക്ക്




കലണ്ടറിൽ അടയാളപ്പെടുത്തിയിരിക്കുന്ന ഓരോ സെറ്റ് സംഖ്യകളും നോക്കൂ. എന്തെങ്കിലും ബന്ധം കാണുന്നുണ്ടോ? നോട്ടുബുക്കിൽ എഴുതൂ.

**തുടർന്നുള്ള സംഖ്യകൾ എഴുതാമോ ?**

- 3, 10, 17, ——, ——
- 4, 12, 20, ——, ——
- 2, 8, 14, ——, ——

**ഞാൻ കണ്ടുപിടിച്ചത്**

- കലണ്ടർ പരിശോധിച്ച് കൂടുതൽ പാറ്റേണുകൾ കണ്ടുപിടിക്കൂ.

1 നിധിയുടെ സ്കൂളിൽ നിന്നും രാവിലെ 5:30ന് വിനോദയാത്രയ്ക്ക് പുറപ്പെട്ട ബസ്സ് ജില്ലയിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ സന്ദർശിച്ച് വൈകിട്ട് 5:30ന് സ്കൂളിൽ തിരിച്ചെത്തി. യാത്രയ്ക്കെടുത്ത സമയം എത്ര?

2 മണിക്കൂർ സൂചി 7ൽ നിന്നുതുടങ്ങി 3ൽ എത്താൻ എടുക്കുന്ന സമയം എത്ര?

3 സെക്കന്റ് സൂചി 5ൽ തുടങ്ങി 11ൽ എത്താനെടുക്കുന്ന സമയം .............. സെക്കന്റ് ആണ്. ഇത് ................... മിനിറ്റാണ്?

4 2 മണിക്കൂർ മുമ്പ് സമയം ഒൻപതര ആയിരുന്നു. മൂന്നരമണിക്കൂർ കഴിഞ്ഞാൽ സമയം എത്രയാകും?

5 ജനുവരി മാസത്തെ ആദ്യ വെള്ളിയാഴ്ച രണ്ടാം തീയതിയാണ്. വെള്ളിയാഴ്ച വരുന്ന മറ്റ് തീയതികൾ ഏതെല്ലാമാണ് ?

6 ഏഴാം തീയതി വ്യാഴാഴ്ച ആണെങ്കിൽ പതിനേഴാം തീയതി ഏത് ദിവസമാണ്? 27-ാം തീയതി ഏത് ദിവസമാണ്?

7 സമയം എഴുതൂ...



.............. മണി
.............. മിനിറ്റ്
.............. സെക്കന്റ്



.............. മണി
.............. മിനിറ്റ്
.............. സെക്കന്റ്

8 സമയം നോക്കൂ... ക്ലോക്കിൽ വരയ്ക്കൂ...



4 മണി
28 മിനിറ്റ്
44 സെക്കന്റ്



1 മണി
45 മിനിറ്റ്
40 സെക്കന്റ്

# 6

# കുറയുന്ന കൂട്ടം



## അബാക്കസ്

അബാക്കസ് ഉണ്ടാക്കി കളിക്കുകയാണ് കിച്ചുവും കൂട്ടുകാരും.




- അബാക്കസിലെ സംഖ്യ എന്താണ്? ____________

- ഈ സംഖ്യയിൽ നിന്നും എത്ര കുറച്ചാൽ ഏറ്റവും ചെറിയ മൂന്നക്ക സംഖ്യ കിട്ടും? ____________

- കുറച്ച് കിട്ടിയ സംഖ്യ അബാക്കസിൽ വരയ്ക്കൂ.




**പൂരിപ്പിക്കൂ...**

99 – 10 = ............

999 – 100= ............

9999 – 1000 = ............

## കുറച്ചുനോക്കാം

- ഏറ്റവും വലിയ മൂന്നക്ക സംഖ്യയിൽ നിന്ന് ഏറ്റവും വലിയ രണ്ടക്ക സംഖ്യ കുറച്ചാൽ എത്ര കിട്ടും? ______________

- 340 ൽ നിന്നും 120 കുറച്ചാൽ എത്രയാകും?

കിച്ചുവിന്റെ ഉത്തരം നോക്കൂ...

34 പത്തിൽ നിന്നും 12 പത്ത് കുറച്ചാൽ മതി.

34 പത്ത് − 12 പത്ത്

= ______________ പത്ത് = ______________



16 പത്തിനോട് എത്ര പത്ത് കൂട്ടിയാൽ 34 പത്ത് കിട്ടുമെന്ന് കണക്കാക്കിയാലും മതി.

- 340 ൽ നിന്നും 160 കുറയ്ക്കണമെങ്കിലോ?

ചെയ്തുനോക്കൂ...

- 346 ൽ നിന്നും 162 കുറച്ചാലോ?

### രീതി : 1

162 നോട് എത്ര കൂട്ടിയാൽ 346 കിട്ടുമെന്ന് കണക്കാക്കിയാലും മതി.

162 + 8 = 170

170 + 30 = 200

200 + 146 = 346

146 + 30 + 8 = 140 + 6 + 30 + 8

= 140 + 30 + 14

= 170 + 14

= 184

### രീതി : 2

346 → 300 + 40 + 6 −

162 → 100 + 60 + 2

| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 3 | 4 | 6 |
| 1 | 6 | 2 |

ഇതിനെ മാറ്റി എഴുതിയാൽ

346 → 200 + 140 + 6 −

162 → 100 + 60 + 2

100 + 80 + 4

ഇങ്ങനെ മാറ്റി എഴുതാം.

| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 2 | 14 | 6 |
| 1 | 6 | 2 |
| | | |

**346 - 162 = 184**



ഇങ്ങനെയും എഴുതാം.

346 −
162
184

- കിച്ചു അബാക്കസിൽ ഉണ്ടാക്കിയ സംഖ്യ 876 ആണ്. ചിപ്പി ഉണ്ടാക്കിയത് 697 ആണ്. ചിപ്പിയുടെ സംഖ്യയെക്കാൾ എത്ര കൂടുതലാണ് കിച്ചുവിന്റെ സംഖ്യ?

- നിങ്ങളുടെ കൈയിൽ 13 മുത്തുകളുണ്ട്. അവ ഉപയോഗിച്ച് അബാക്കസിൽ ഉണ്ടാക്കാവുന്ന ഏറ്റവും വലിയ മൂന്നക്ക സംഖ്യയും ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയും എഴുതുക. അവ തമ്മിലുള്ള വ്യത്യാസം എത്രയാണ്?

വലിയ മൂന്നക്ക സംഖ്യ ____________

ചെറിയ മൂന്നക്ക സംഖ്യ ____________

വ്യത്യാസം ____________

## ശരിയായ ഉത്തരം ഏതാണ് ?

- 761 – 380 ഏതൊക്കെ സംഖ്യകൾക്കിടയിലാണ്?

i) 400 നും 500 നും ഇടയിൽ

ii) 400 നും 420 നും ഇടയിൽ

iii) 380 നും 400 നും ഇടയിൽ

iv) 350 നും 380 നും ഇടയിൽ

എന്റെ ഉത്തരം

____________________

**കുറച്ചുനോക്കാം**

8 – 1 = 7

88 – 11 = ............

888 – 111 = ............

8888 – 1111 = ............

## കണ്ടുപിടിക്കാം... സമ്മാനം നേടാം...

ഇന്നത്തെ കളിയിൽ കിച്ചുവിനും കൂട്ടുകാർക്കും ഒപ്പം കിച്ചുവിന്റെ ചേച്ചി അമ്മുവും കൂടി.









ഇങ്ങനെയും എഴുതാം.

| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| 3 | 7 | 9 | 8 | − |
| 3 | 5 | 4 | 2 | |
| | 2 | 5 | 6 | |

$3542 + 8 = 3550$

$3550 + 50 = 3600$

$3600 + 100 = 3700$

$3700 + 98 = 3798$

$8 + 50 + 100 + 98 = 100 + 98 + 58$

$= 100 + 98 + 2 + 56$

$= 100 + 100 + 56$

$= \mathbf{256}$




മറ്റേതൊക്കെ രീതിയിൽ കണക്കാക്കാം ?




| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| 5 | 8 | 4 | 9 | − |
| 2 | 6 | 1 | 7 | |
| | | | | |




### ഞാൻ എഴുതിയത്

- ......... ആയിരം ......... നൂറ് ......... പത്ത് ......... ഒന്ന് എന്നിവ ചേരുന്ന സംഖ്യ എന്താണ് ?
- ......... , ......... എന്നിവ കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യ എന്താണ്?

### കൂടുതൽ ചോദ്യങ്ങൾ എഴുതൂ...

- 
- 
- 

### സമ്മാനം

2837ന്റെയും 524ന്റെയും വ്യത്യാസം എത്രയാണ് ?









## കണക്കുപെട്ടി

കണക്കുപെട്ടിയിലെ സമചതുരക്കൂട്ടങ്ങളുമായി കൂട്ടുകാർക്കൊപ്പം കളിക്കാൻ കിച്ചു ആൽമരച്ചുവട്ടിൽ എത്തി.

ചിത്രം നോക്കൂ...



ഇതിൽ എത്ര ആയിരമുണ്ട്? ________

എത്ര നൂറുണ്ട്? ________

എത്ര പത്തുണ്ട്? ________

എത്ര ഒന്നുണ്ട്? ________

സംഖ്യ എന്താണ്? ________

### പസിൽ കോർണർ

ഞാൻ അയ്യായിരത്തിനും
എണ്ണായിരത്തിനും
ഇടയിലാണ്.
ഇരട്ടസംഖ്യയാണ്.
തുടർച്ചയായ 4
അക്കങ്ങളാണ്.
ഞാനാര് ?

ഇതിൽ 1251 സമചതുരങ്ങൾക്ക് മിന്നി നിറം നൽകി.

## നിറം നൽകൂ

നിങ്ങളും 1251 സമചതുരങ്ങൾക്ക് നിറം കൊടുക്കൂ.

നൂറിന്റെ ഒരു സമചതുരക്കൂട്ടത്തെ 10 ന്റെ 10 എണ്ണമാക്കിയല്ലോ.



നിറം കൊടുക്കാത്ത സമചതുരങ്ങളിൽ

ആയിരത്തിന്റെ എണ്ണം ______

നൂറിന്റെ എണ്ണം ______

പത്തിന്റെ എണ്ണം ______

ഒന്നിന്റെ എണ്ണം ______

സംഖ്യ? ______

| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| 2 | 3 | 4 | 3 | − |
| 1 | 2 | 5 | 1 | |

ഇങ്ങനെ മാറ്റി എഴുതാം.

| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| 2 | 2 | 14 | 3 | − |
| 1 | 2 | 5 | 1 | |
| .......... | ........ | .......... | ........ | |

## കുറയ്ക്കാം

സമചതുരക്കൂട്ടങ്ങൾ ഉപയോഗിച്ച് 3625ൽ നിന്നും 1812 കുറയ്ക്കുക.

വ്യത്യാസം കണക്കാക്കിയ രീതി നോട്ടുബുക്കിൽ എഴുതൂ...

## വൈദ്യുതിബില്ല്




കിച്ചുവിന്റെ വീട്ടിലെ ഈ മാസത്തെ വൈദ്യുതി റീഡിങ് 4526.

മുൻ റീഡിങ് 3845.

കിച്ചുവിന്റെ വീട്ടിലെ വൈദ്യുതി ഉപയോഗം കണക്കാക്കിയ രീതി നോക്കൂ...

### രീതി - 1

4526 – 3845




5 + 50 + 100 + 526 = 681

## രീതി - 2

4000 + 500 + 20 + 6 -
3000 + 800 + 40 + 5

4000 + 400 + 120 + 6 -
3000 + 800 + 40 + 5

3000 + 1400 + 120 + 6 -
3000 + 800 + 40 + 5
600 + 80 + 1

| സംഖ്യ | ആയിരം | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|---|
| 4526 | 3 | 14 | 12 | 6 |
| 3845 | 3 | 8 | 4 | 5 |
| | | 6 | 8 | 1 |

–

4526 – 3845
4526 – 3000 = 1526
1526 – 800 = 726
726 – 45 = 681



ഇങ്ങനെയും എഴുതാം.

| | | | |
|---|---|---|---|
| 3 | 14 | 12 | |
| 4 | 5 | 2 | 6 – |
| 3 | 8 | 4 | 5 |
| | 6 | 8 | 1 |

## മീറ്റർ റീഡിങ്

കിച്ചുവിന്റെ കൂട്ടുകാരുടെ വീടുകളിലെ മീറ്റർ റീഡിങ് ചുവടെ തന്നിരിക്കുന്നു. പട്ടിക പൂർത്തിയാക്കുക.

| പേര് | മീറ്റർ റീഡിങ് | | 2 മാസത്തെ വൈദ്യുതി ഉപയോഗം |
|---|---|---|---|
| | ഫെബ്രുവരി | ഏപ്രിൽ | |
| ചിപ്പി | 4215 | 4826 | ................... |
| ജീന | ................... | 5278 | 400 |
| ഫാരിസ് | 6970 | 7340 | ................... |
| മിന്നി | 5870 | ................... | 395 |

ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിച്ചത് ആരുടെ വീട്ടിലാണ്?

______________

നിങ്ങളുടെ വീട്ടിലെ ഈ മാസത്തെ വൈദ്യുതി റീഡിങ് എത്രയാണ്?

______________

## സർക്കസ്


അച്ഛാ നമുക്കിന്ന് സർക്കസ് കാണാൻ പോയാലോ?


വൈകുന്നേരം പോകാം


ടിക്കറ്റ് നിരക്ക്
കുട്ടികൾക്ക് 90 രൂപ
മുതിർന്നവർക്ക് 180 രൂപ

കിച്ചുവും കുടുംബവും സർക്കസ് കൂടാരത്തിലെത്തി ടിക്കറ്റെടുത്തു.

4 പേരുടെ ടിക്കറ്റിന് എത്ര രൂപയായി? ____________

അഞ്ഞൂറ് രൂപയുടെ രണ്ടുനോട്ട് കൗണ്ടറിൽ കൊടുത്തു.

ബാക്കി എത്ര രൂപ കിട്ടി? ____________

**രീതി - 1**

| | | | | |
|---|---|---|---|---|
| 1000 | – | 540 | | |
| 540 | + | 60 | = | 600 |
| 600 | + | 400 | = | 1000 |
| 60 | + | 400 | = | 460 |

**രീതി - 2**

1000 – 540 = (1000 – 1) – (540 – 1)
= 999 – 539
= 460

**രീതി - 3**

| | | | | |
|---|---|---|---|---|
| 1000 | – | 540 | | |
| 1000 | – | 500 | = | 500 |
| 500 | – | 40 | = | 460 |

| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| 1 | 0 | 0 | 0 | – |
| | 5 | 4 | 0 | |

| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| | 9 | 10 | 0 | – |
| | 5 | 4 | 0 | |
| .......... | ...... | ....... | ....... | |



ഇങ്ങനെയും എഴുതാം.

1000 –
540
**460**

| | | | | |
|---|---|---|---|---|
| 1000 | – | 100 | = | 900 |
| 1000 | – | 500 | = | ............ |
| 1000 | – | 250 | = | ............ |
| 1000 | – | 820 | = | ............ |
| 1000 | – | 990 | = | ............ |

## നോട്ടുകൾ... നാണയങ്ങൾ...

സർക്കസ് കാണാൻ പോയപ്പോൾ ബാക്കി കിട്ടിയ രൂപ നോട്ടുകളായും നാണയങ്ങളായും എഴുതുക.
















എത്ര നോട്ടുകൾ? __________

എത്ര നാണയങ്ങൾ? __________

100 രൂപ നോട്ടുകളും 10 രൂപ നോട്ടുകളും മാത്രമായിരുന്നെങ്കിൽ എത്ര നോട്ടുകൾ കിട്ടുമായിരുന്നു?

ഈ തുക 10 നോട്ടുകളാക്കി കൊടുക്കാൻ ഏതൊക്കെ നോട്ടുകൾ, എത്ര വീതം എടുക്കണം?

## സമ്പാദ്യം




കിച്ചുവും മിന്നിയും കളിനോട്ട് ഉപയോഗിച്ച് ബാങ്ക് കളിക്കുകയാണ്. പാസ്ബുക്കിൽ എഴുതിയ സംഖ്യകൾ നോക്കൂ.

| പേര് : കിച്ചു | | | |
|---|---|---|---|
| നിലവിലുള്ളത് | | പിൻവലിച്ചത് | |
| തീയതി | തുക | തീയതി | തുക |
| 14.10.2025 | 5484 | 14.10.2025 | 3295 |

കിച്ചുവിന്റെ സമ്പാദ്യത്തിൽ നിന്നും 3295 രൂപ പിൻവലിച്ചു. ബാക്കി എത്ര രൂപ ഉണ്ട്?

### രീതി - 1

5484 − 3295

5000 − 3000 = 2000

484 − 300 = 184

484 − 295 = 184 + 5 = 189

2000 + 189 = 2189



## രീതി - 2

5484 – 3295

| ഞാൻ കണക്കാക്കിയ രീതി | മറ്റൊരു രീതി |
|---|---|
| | |

മിന്നിയുടെ പാസ്ബുക്ക് നോക്കി അക്കൗണ്ടിൽ ബാക്കിയുള്ള തുക കണക്കാക്കൂ...

| പേര് : മിന്നി | | | |
|---|---|---|---|
| നിലവിലുള്ളത് | | പിൻവലിച്ചത് | |
| തീയതി | തുക | തിയതി | തുക |
| 14.10.2025 | 4971 | 14.10.2025 | 2784 |

മിന്നിയുടെ സമ്പാദ്യത്തിൽ നിന്നും 2784 രൂപയാണ് പിൻവലിച്ചതെങ്കിൽ ബാക്കിയുള്ള രൂപ ________

| ഞാൻ കണക്കാക്കിയ രീതി | മറ്റൊരു രീതി |
|---|---|
| | |

### പസിൽ കോർണർ

**സംഖ്യ എന്താണ് ?**

ഒരു നാലക്കസംഖ്യയോട് 6349 കൂട്ടിയപ്പോൾ 8778 കിട്ടി. സംഖ്യ എന്താണ് ?

## കച്ചവടക്കളി

പിറ്റേ ദിവസം കൂട്ടുകാർ ആൽമരച്ചുവട്ടിൽ കടയൊരുക്കി. പിൻവലിച്ച തുകയുമായി മിന്നിയും കിച്ചുവും കടയിലെത്തി.






**കടയിൽ നിന്നും വാങ്ങിയവ**

| കിച്ചു | മിന്നി |
|---|---|
| ഷൂസ്<br>ഫുട്ബോൾ<br>ബാഗ് | ബാറ്റ്<br>കുട |

സാധനം വാങ്ങിയശേഷം കിച്ചുവിന്റെ കൈയിൽ എത്ര രൂപ ബാക്കിയുണ്ട്?

മിന്നിയുടെ കൈയിലോ?

| കിച്ചുവിന്റെ കൈയിൽ ബാക്കിയുള്ള തുക | മിന്നിയുടെ കൈയിൽ ബാക്കിയുള്ള തുക |
|---|---|
| | |

ജീനയ്ക്ക് സൈക്കിൾ വാങ്ങണം. ജീനയുടെ കൈയിൽ 4275 രൂപയുണ്ട്.

ഇനിയെത്ര രൂപ കൂടി വേണം?

സൈക്കിളിന്റെ വില ____________

**ഞാൻ കണക്കാക്കിയ രീതി**

1. അടുത്ത മൂന്ന് സംഖ്യകൾ എഴുതൂ.

   - 6772, 6572, 6372, ____________ , ____________ , ____________
   - 2365, 2254, 2143, ____________ , ____________ , ____________
   - 5368, 5438, 5508, ____________ , ____________ , ____________

2. കിച്ചുവിന്റെ വീട്ടിൽ ഒരു മാസത്തെ പലചരക്ക് വാങ്ങിയപ്പോൾ 5372 രൂപയായി. കൈയിലുള്ള 3685 രൂപ കൊടുത്തു. ബാക്കി തുക യു.പി ഐ. വഴിയാണ് കൊടുത്തത്. ഈ തുക എത്രയാണ്?

3. 8 ആയിരവും 27 പത്തും 5 ഒന്നും ചേർന്ന സംഖ്യയിൽ നിന്നും 43 നൂറും 57 പത്തും ചേർന്ന സംഖ്യ കുറയ്ക്കുക.

4. നിങ്ങളുടെ കൈയിൽ 18 മുത്തുകളുണ്ട്. ഇവ ഉപയോഗിച്ച് അബാക്കസിൽ ഉണ്ടാക്കാവുന്ന ഏറ്റവും വലിയ നാലക്ക സംഖ്യയും ഏറ്റവും ചെറിയ നാലക്ക സംഖ്യയും എഴുതുക. ഇവ തമ്മിലുള്ള വ്യത്യാസം എത്രയാണ്?

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലികകർത്തവ്യങ്ങൾ

**51 ക. മൗലികകർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും ---അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***